# കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയൊന്ന്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയൊന്ന്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Karna Vadh, a painting by Raja Ravi Varma (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## — 31 —

"'പണിപ്പുര'യിൽ തന്നെയല്ലേ പാണ്ഡവർ!", കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. "എന്നിട്ടും മുഖഭാവങ്ങളിൽ പ്രകടമല്ലല്ലോ, യുദ്ധം, നാട്ടിൽ സൃഷ്ടിക്കാവുന്ന ഭീഷണസാധ്യത?", വിരാടരാജ്യ സൈനിക പരിശീലനത്തിൽ ഏർപ്പെടുന്ന പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക ചോദിച്ചു.

"കാൽനൂറ്റാണ്ടിലധികമായി പാണ്ഡവരുടെ അടിച്ചമർത്തലിനു എതിരെയും, ബഹുഭർത്തൃത്വ സംരക്ഷണത്തിനുമായി പ്രത്യക്ഷത്തിലും പരോക്ഷമായും വിധേയപ്പെട്ടു. പറഞ്ഞറിയിക്കാൻ എതിർപ്പുണ്ട്, പ്രകടിപ്പിക്കാൻ ആവുന്നില്ല എന്ന നിലവിട്ടു യുദ്ധസമാന അന്തരീക്ഷം തിരിച്ചറിഞ്ഞതുമുതൽ തുടങ്ങി പാഞ്ചാലിയുടെ വിമോചന ദാമ്പത്യശാസ്ത്രം. വംശീയമായി പാണ്ഡവരെ ഭിന്നിപ്പിച്ചപ്പോൾ, കൗന്തേയരും മാദ്രേയരും എന്ന രണ്ടു ഭാഗങ്ങളായി വേർപിരിഞ്ഞു, പ്രായത്താൽ അവരെ വിഭജിച്ചപ്പോൾ, കൗന്തെയർ വയോധികരും, മാദ്രെയർ ചുണക്കുട്ടികളും ആയി. യുദ്ധത്തിലെന്ന പോലെ കിടപ്പറയിലും ഭിന്നിപ്പിന്റെ അവസരം വന്നപ്പോൾ, അർദ്ധസത്യം പറഞ്ഞു, ചിലരെ പത്മവ്യൂഹത്തിലേക്ക് മാടിവിളിച്ചു ബന്ദികളാക്കി. എന്തൊക്കെ ചെയ്താലും തളരില്ല എന്ന് പറഞ്ഞവരെ കുരുക്ഷേത്രയുടെ കടുവക്കുട്ടുകളിലേക്കു ആകർഷിക്കും, കൈകൾ ശിരസ്സിനുപിന്നിൽ കൂട്ടിമുട്ടിച്ചു അന്തിമ പോരാട്ടം കണ്ടാനന്ദിക്കും!" പാഞ്ചാലി പ്രസന്ന.

◇ 2025/01/03 ◇

“എപ്പോഴാണ് നിങ്ങൾക്ക്, ഇനി വേണമെങ്കിൽ പിരിയാം എന്ന് തോന്നിത്തുടങ്ങിയത്, ഓർത്തെടുക്കാമോ?”, കൊട്ടാരം ലേഖിക അർജ്ജുനനെ സമീപിച്ചു.

“സ്വർഗരാജ്യത്തിൽ, പിതാവ് ഇന്ദ്രന്റെ അതിഥി ആയശേഷം ഭൂമിയിൽ ഞാൻ മടങ്ങി എത്തി ദിവസങ്ങൾ കഴിഞ്ഞിട്ടും, സ്വർഗീയജീവിതാനുഭവങ്ങളെ കുറിച്ച് ഒരക്ഷരം പാഞ്ചാലി ചോദിച്ചില്ല. എന്നെ അതു വല്ലാതെ സ്പർശിച്ചു. മറ്റു നാലു സഹോദരർ താടി ചൊറിഞ്ഞു ഓരോന്ന് മാറി മാറി ചോദിക്കും, അതിനു ഞാൻ നേരെ ചൊവ്വേ പറയുന്ന മറുപടി കേട്ട് അവർ “ശരിക്കും?” എന്ന് പുരികം ഉയർത്തി, സംശയത്തോടെ എങ്കിലും പ്രതികരിക്കും, അപ്പോൾ ഞാൻ വിശ്വാസ്യതക്ക് കൂടുതൽ സൂക്ഷ്മവിവരം നല്കും, പക്ഷേ, പാഞ്ചാലി…”!

“ഭാര്യയെ പണയം വച്ചുകളിച്ച നിങ്ങൾ സ്ത്രീവിരുദ്ധൻ എന്നറിയപ്പെടുമെന്നു ഹസ്തിനപുരി സാംസ്കാരിക നായകൻ പ്രഖ്യാപിച്ചു കഴിഞ്ഞല്ലോ. പ്രശ്നമായോ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. വനവാസക്കലം.

“പ്രേരണ! ദുഷ്പ്രേരണ ആരുടെ എന്ന് ചോദ്യം വന്നാൽ പുറത്തുവരില്ലേ യാഥാർത്ഥ്യം? ഭാര്യയെ പണയം വച്ചാൽ വീണ്ടും ഭാഗ്യം പരീക്ഷിക്കാം എന്നു ദുര്യോധനൻ അവസരം തന്നപ്പോൾ, പാഞ്ചാലിയെ ഞാൻ ഒളികണ്ണിൽനോക്കി, പ്രതീക്ഷാനിർഭരമായ മുഖം എന്നെ പ്രോത്സാഹിപ്പിക്കുന്ന പോലെ തോന്നി, സുവർണ്ണാവസരം ദൈവകൽപ്പന പോലെ ഞാൻ അനുസരിച്ചു”.

“ഇച്ഛാശക്തിയുടെ പ്രകടമായ അഭാവം എന്നാണല്ലോ വ്യത്യസ്ത ഇനം അഞ്ച് ഭർത്താക്കന്മാരെ ഒരു കുടക്കീഴിൽ നിർത്താൻ നിങ്ങൾക്ക് ആവാതെ!” കൊട്ടാരം ലേഖിക പഞ്ചാലിയോട് ചോദിച്ചു.

“ഇര എന്ന നിലയിൽ ഞാൻ അപ്പപ്പോൾ നേരിടുന്ന ഗാർഹിക പീഡനം ഉറവിടത്തിൽ തന്നെ പരസ്യമാക്കുക എന്നല്ലാതെ, പാണ്ഡവരെ നിർഗുണ പാഠശാലയിൽ മാറ്റിയെടുക്കുന്ന പണിയാണോ എന്റെ ബഹുഭർതൃത്വ ദാമ്പത്യം? ഈരണ്ടു കയ്യും കാലുമുള്ള പാണ്ഡവരെ ചാറ്റൽ മഴ നനയാതെ യാത്ര ചെയ്യാൻ ഞാൻ സഹായിക്കുകയാണോ ഒന്നിലധികം പേരെ കൂടെ കിടത്തി അനുഭവം ഉള്ള കുന്തി എന്നെ ഏൽപ്പിച്ച പണി?”

◇ 2025/01/04 ◇

“കൗരവ വംശഹത്യയിൽ മനംനൊന്ത അമ്മ വിധാതാവിനെതിരെ പൊട്ടിത്തെറിച്ച സ്തോഭജനക ഗാന്ധാരീവിലാപം നിങ്ങളും നേരിട്ടു കണ്ടതല്ലേ? കുരുക്ഷേത്രയിൽ അവസാന പോരാട്ടദിവസം, അഞ്ചുമക്കളെയും നഷ്ടപ്പെട്ട നിങ്ങൾ, എങ്ങനെ ഗാന്ധാരീവിലാപത്തോടു, പ്രതികരിക്കുന്നു?”, പുതിയ മഹാറാണി പാഞ്ചാലിയോട് കോട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിൽ പാണ്ഡവ ഭരണത്തിന്റെ ആദ്യനാളുകൾ.

“ഗാന്ധാരി മറയ്ക്കേണ്ടത് കാഴ്ച ആയിരുന്നില്ല, ഘനീഭവിച്ച ദുഃഖത്തിന്റെ ഐതിഹാസികമൂല്യം അറിയാതെ, അതിഭാവുകത്വ ദുഃഖപ്രകടനതക്കു വാമൊഴിജാലകം മലർക്കെ തുറന്നുകൊടുത്ത, സ്വന്തം വായ!”

“അഭിമന്യുവധത്തിന്റെ പരോക്ഷ ഉത്തരവാദിത്വം യുധിഷ്ഠിരൻ ഏറ്റെടുക്കണമെന്ന്, പോർക്കളത്തിൽ മടങ്ങിയെത്തിയ അർജ്ജുനൻ ഗർജിക്കുന്നല്ലോ. എങ്ങനെ പരിഹരിക്കും ഈ ജീവന്മരണവെല്ലുവിളി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കുരുക്ഷേത്ര.

“എന്നിൽ ജനിച്ച അഞ്ചു കൗമാരപാണ്ഡവർ, കൗരവ വംശഹത്യക്ക് രൗദ്രഭീമനെ തുണക്കുന്നുണ്ടല്ലോ. അഞ്ചു പേരിൽ മൂന്നാമനായ അർജ്ജുനപുത്രനെ, ആവശ്യമെങ്കിൽ, ആദ്യ കിരീടാവകാശിയാക്കാം, അവനു പ്രായപൂർത്തി എത്തും വരെ, ചെങ്കോൽ ഞാൻ കൈവശം വക്കാം. അഭിമന്യുവധത്തിലുണ്ടായ പരോക്ഷബാധ്യതക്കു അങ്ങനെ ഭീരുയുധിഷ്ഠിരൻ ബാലപാഠം പഠിക്കട്ടെ! കഴുത്തിനു മേലെ അവൻ തല നില നിർത്തട്ടെ!”

“യുധിഷ്ഠിരന്റെ യഥാർത്ഥ അച്ഛനെ, അഥവാ അംഗീകൃത ജൈവികപിതാവിനെ, ഓർത്തെടുക്കാമോ? ഞങ്ങളുടെ കേട്ടറിവുമായി യോജിക്കുന്നുണ്ടോ എന്നറിയാനാണ്”, അന്തഃപുരത്തിൽ കണ്ടെത്തിയ കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കാട്ടിൽ ഞാനും, കായികക്ഷമതയില്ലാത്ത ഭർത്താവും, ഇളമുറ മാദ്രിയും. നിവർന്നു കിടക്കാൻപോലും കുടിലിൽ സൗകര്യം ആയിട്ടില്ല. ചെങ്കോൽ ഉപേക്ഷിച്ചു കാട്ടിൽ ഞങ്ങൾ കുടിയേറിയ കാലം. രാത്രി ഒന്നു കണ്ണടച്ച് ഉറന്നപ്പോൾ, ജാലകത്തിലൂടെ അതാ, ഒരു കയർ നീണ്ടു അരികെ വരുന്നു. അതിനു പിന്നിലെ തേജോമയനായ ആഗതനെ അകത്തേക്ക് ഞാൻ കൈമാടി ക്ഷണിച്ചില്ലെങ്കിൽ, കയറിൽ കുടുക്കി ലൈംഗിക അടിമയാക്കുമെന്നു അവൻ ഭീഷണിപ്പെടുത്തി. ജീവിതമോഹം കെട്ടിട്ടില്ലാത്ത യുവതയിൽ സന്ദർശകനെ സ്വീകരിച്ചു. ആദ്യരതിയിൽ സൂര്യൻ കൗമാരത്തിൽ എന്നോടു ചെയ്തതൊക്കെ, വിവാഹബാഹ്യരതിയിൽ കാലനും ചെയ്തു. ഭർത്താവും മാദ്രിയും അതൊക്കെ കൺകുളിർക്കെ കണ്ടുവോ, അതോ, പോത്തിൻപുറത്തു വന്ന യുവ ഭീകരനെ കണ്ടു വിറച്ചു ഉറക്കം നടിച്ചു കിടന്നുവോ എന്നറിയാനാവാത്ത വിധം അവർ പിന്നീടു പെരുമാറി. കയറുമായി കാലന്റെ വരവു് യുധിഷ്ഠിരനെ ഗർഭം ധരിക്കുംവരെ തുടർന്നു. ആളെ പിന്നീടു കാണാതായി. ഗർഭത്തിന്റെ ഉത്തരവാദിത്വം ഭർത്താവു് സന്തോഷത്തോടെ ഏറ്റെടുത്തു”.

“അപ്പോൾ ഞങ്ങൾ കുതിര പന്തിയിൽ കേട്ടതൊക്കെ കൃത്യം! മരണദേവതക്കു സ്തുതിയായിരിക്കട്ടെ.”

◇ 2025/01/05 ◇

“ആശ്രമത്തിൽ ആട്ടിൻകുട്ടികൾ! പച്ചില പറിച്ചു പതിവായി പരിപാലിക്കാനാവുമോ, അപാരതയെകുറിച്ച് രാപ്പകൽ പ്രയാസപ്പെടുന്ന പരിത്യാഗികൾക്ക്?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാല പാണ്ഡവരെ കാണാൻ ഹസ്തിനപുരിയിൽ നിന്നും വന്ന കൊട്ടാരം ലേഖിക, സൗഹൃദസന്ദർശനത്തിനായി അയല്പക്കങ്ങളിൽ ചെല്ലുന്ന നേരം.

“വനവാസത്തിനുവന്ന നമ്മുടെ പുതിയ അയൽക്കാരൻ ഭീമൻ, ഇവയോരോന്നിനും ഓമനപേരിട്ടിട്ടുണ്ട്, ഉദാഹരണത്തിന് ദുശാസനാ എന്നു നിങ്ങൾ വിളിച്ചുനോക്കൂ”. പരിത്യാഗി കൈനീട്ടി കൊട്ടാരം ലേഖികയെ ഉപചാരപൂർവ്വം ക്ഷണിച്ചു. വിളിച്ചപ്പോൾ, കൂട്ടത്തിലെ കഞ്ഞോമന കൂടു വിട്ട് പുറത്തിറങ്ങി അവൾക്കരികിൽ വിധേയത്വത്തോടെ നിന്നു.

“സഭാഷ് ഇന്ന് ഊട്ടുപുരയിൽ കറിവക്കാൻ ഇവൻ തന്നെ തീൻശാലയിലെ മൂദ്ദമാംസതാരം”, പെട്ടെന്ന് സന്യസ്ഥൻ അടിവസ്ത്രത്തിൽ നിന്നും കത്തിയൂരി.

“‘ദുശ്ശാസന’യുടെ കഴുത്തറക്കുമ്പോൾ ചുടുചോര, ഒരു തുള്ളിപോലും പുറത്തേക്ക് തെറിക്കാതെ, നിങ്ങളുടെ കൈക്കുമ്പിളിൽ തന്നെ ചേർത്തുപിടിക്കൂ, താഴ്വരയിലെ അരുവിയിൽ നീരാടാൻ പോവുന്ന പാഞ്ചാലിയുടെ മുടിയിൽ തേക്കാൻ, സന്യസ്ഥരുടെ അഭിവാദ്യങ്ങളോടെ കൊണ്ടുപോവു. എന്തിനവൾ കുരുക്ഷേത്രം വരെ അക്ഷമയോടെ മുടി കെട്ടിവെക്കലിനു പീഡകന്റെ ചോരയുമായി ഭീമൻ വരാൻ കാത്തുനിൽക്കണം! യുദ്ധമില്ലാത്ത ശാന്തിഭൂമി, എന്നും എന്നെന്നും സ്വപ്നം കാണുന്നവർ ഞങ്ങൾ, ഭൗതികമോഹമില്ലാത്ത സന്യസ്ഥർ!”

“സ്ത്രീധനമാണോ പ്രശ്നം?”, കൊട്ടാരം ലേഖിക ചോദിച്ചു. മഹാറാണി പാഞ്ചാലി, ഭർത്താക്കൻമാരുടെ കൂടെ കഴിയുന്ന അശാന്തദിനങ്ങൾ.

“കൗരവർക്ക് കോഴ കൊടുക്കാതെ നാം ആറുപേർക്കും താമസിക്കാൻ ഇടം കിട്ടില്ലെന്ന് യുധിഷ്ഠിരനു വിമ്മിട്ടം. ആദിവാസി കുടുംബത്തെ അരക്കില്ലത്തിൽ കത്തിച്ചുകൊന്ന കന്തിയെയും കുടുംബത്തെയും പിടികിട്ടാപുള്ളികൾ ആയി ഹസ്തിനപുരി കുറ്റാന്വേഷണ വിഭാഗം പ്രഖ്യാപിച്ച കാര്യം, പാഞ്ചാലയിൽ നിന്ന് വഴിയിൽ തങ്ങിയ ഇടത്താവളത്തിൽ കേട്ടിരുന്നു. കോഴ കൊടുത്താൽ കൗരവർ കനിവ് കാണിക്കും. സ്ത്രീധനസ്വർണ്ണം അതിനു വിടുതരൂ. അന്ന് തുടങ്ങി അപസ്വരം. കന്തിയുടെ ദുഷ്പ്രേരണകൂടിയായപ്പോൾ പാഞ്ചാലി അപശബ്ദം ഉയർത്തി. അച്ഛൻ തന്ന സ്വർണം, കൊലക്കുറ്റത്തിലെ പ്രതികളെ രക്ഷിക്കാൻ അല്ല എന്നവൾ വിരൽ ചൂണ്ടി ഗർജ്ജിച്ചു. പാണ്ഡവർ ഒന്നു പതറി, പിന്നെ പിൻവലിഞ്ഞു. അന്നുതുടങ്ങി പാണ്ഡവരോട് പോരാട്ടം കിടപ്പറയിൽ, കൗരവരോട് പ്രലോഭനം പുറത്തും.” ജന്മനാ ചാരൻ എന്ന കുപ്രശസ്തി നേടിയ നകുലൻ വിങ്ങിപ്പൊട്ടി.

◇ 2025/01/06 ◇

“സ്ഥിതപ്രജ്ഞൻ എന്നറിയപ്പെട്ട നമ്മുടെ വന്ദ്യയുധിഷ്ഠിരൻ, ഇപ്പൊൾ വാതുറന്നാൽ ഇരയുടെ ഭാഷയാണല്ലോ!”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“ദ്രൗപദീ, ഞാൻ കണ്ണടച്ച് കാണാൻ നിന്റെ ഉള്ളിന്റെ ഉള്ളിലൊരു ദുഷിച്ച അധികാരമോഹി കാത്തിരുപ്പുണ്ട് എന്നെനിക്കറിയാം, എന്നിട്ട വേണം നിനക്ക് അർജ്ജുനന്റെ കൊച്ചുമകനെ നാമമാത്ര രാജാവാക്കി, ഹസ്തിനപുരിയുടെ ഭരണനേതൃത്വം ഏറ്റെടുക്കാൻ. വല്ലാത്ത മോഹം തന്നെ! ഞാനും എന്റെവഴിക്ക ഓടിനടന്ന ശ്രമിച്ചു. സ്വച്ഛന്ദമൃത്യു വരം ആവശ്യപ്പെട്ടില്ലെങ്കിലും, ജൈവിക പിതാവായ കാലൻ വാക്കുതന്നു, പാഞ്ചാലിയുൾപ്പെടെ പാണ്ഡവർ നരകത്തിൽ എത്തിയ ശേഷമേ, നിന്നെ സ്വർഗ്ഗത്തിലേക്കയക്കാൻ സ്വർണരഥം അയക്കൂ”. അങ്ങനെയാണ് യുധിഷ്ഠിരൻ ഗർവ്വോടെ ഇന്നലെ പറഞ്ഞത്. പിന്നെ വൈകിപ്പിച്ചില്ല, വിട്ടുമാറാത്ത മനോവിഭ്രാന്തി എന്ന് രോഗനിർണ്ണയം ചെയ്ത, ചികിൽസക്കായി യുധിഷ്ഠിരനെ ‘ഉടലോടുകൂടി’ ഞാൻ ഏറ്റെടുത്തു!” വിട്ടുകൊടുക്കാനാവില്ലെന്ന ദൃഢനിശ്ചയത്തിലായിരുന്നു, കൊട്ടാരവിപ്ലവത്തിനു സ്വന്തമായൊരു കുറുമ്പനണിയുണ്ടാക്കുന്ന മഹാറാണി പാഞ്ചാലി.

“ഭ്രതകാലക്കുളിർ സ്വാഭാവികമെങ്കിലും, നിങ്ങൾ അങ്ങനെ അല്ലെന്നുണ്ടോ? വിവാഹപൂർവ്വകാലകുളിർ ബഹുഭർത്തൃത്വ ജീവിതത്തിൽ പങ്കിട്ട ഓർമ്മയില്ലെന്ന അഞ്ചു പാണ്ഡവരും പരിതപിച്ചതിൽ, എന്ത് നാം വായിച്ചെടുക്കണം?”, കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരി. പാണ്ഡവ ഭരണത്തിൽ കിരീടാവകാശി പരീക്ഷിത്ത് അതൃപ്തി പ്രഖ്യാപിച്ച സംഘർഷ ദിനങ്ങൾ.

“വർത്തമാനകാല ജീവിതം സ്മരണീയമാക്കാൻ സാധിക്കാത്തവിധം നാടു ഭരിക്കുന്നവർക്കെന്തുകാര്യം, ഭാര്യയുടെ ബാല്യകൗമാരങ്ങളിൽ അഞ്ചിലൊരു പങ്കുപറ്റാൻ? അവരുടെ ബാല്യകൗമാര യുവത്വ സ്മരണകൾ ആരും ചോദിക്കാതെ തന്നെ എന്റെ മുമ്പിലിട്ട, പെൺവേട്ടയുടെ സാഹസിക കഥകളിൽ ബന്ദി ശ്രോതാവാകുന്ന പോലെ ഞാൻ, എന്റെ ‘ഭ്രതകാലക്കുളിരി’ൽ ഒരു പങ്കു അവർക്കു കൊടുക്കാറില്ലെന്നത് ഇപ്പോഴെങ്കിലും നിങ്ങൾ തിരിച്ചറിഞ്ഞെങ്കിൽ ചാരിതാർഥ്യമുണ്ട്”.

“ഗാർഹികമാലിന്യം കഴികത്തിമൂടുന്ന പണി പാഞ്ചാലിയെകൊണ്ട നിങ്ങൾ ചെയ്യിക്കുന്നല്ലോ! ഇതൊക്കെ എവിടെ കേട്ട ന്യായമാണ്?”, കൊട്ടാരം ലേഖിക സന്യസ്ഥ കാര്യദർശിയോട് ചോദിച്ചു. ഭാര്യയെ പണയംവച്ചു ചൂതാടിത്തോറ്റ പാണ്ഡവരുടെ വനവാസം.

“ഞങ്ങൾ ആരെന്നാണ് നിങ്ങളൊക്കെ കരുതിയത്? തൃഷ്ണ ത്യജിച്ചവരല്ലേ സന്യസ്ഥർ? പരസ്ത്രീകളെ മാതാവായി കരുതുന്നില്ലേ? അസത്യം പറയാൻ നാവ് ചലിക്കുമോ? ധനം ആഗ്രഹിക്കുമോ? ഭൌതിക വസ്തുക്കളോടു മോഹമാകുന്ന മായയിൽ ഞങ്ങൾ അകപ്പെടുമോ? അതാണ് പത്രപ്രവർത്തക സുഹൃത്തേ, യഥാർത്ഥ സർവ്വസംഗ പരിത്യാഗി! ആശ്രമസമുച്ചയത്തിലെ മാലിന്യങ്ങൾ നീക്കാൻ അടിമ നിയോഗം പാഞ്ചാലിക്കാണ്. അതെന്നോ അടയാളപ്പെട്ടിരുന്നു. ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി’ എന്ന അടയാളപ്പെടുത്തൽ കേട്ട് പരിത്യാഗികൾ കുലുങ്ങില്ല. ആരുടെ തോളിലും മാറാപ്പു വീഴാൻ, മണിമാളിക തടസ്സവുമല്ല. പ്രപഞ്ച ദുരുഹതയെകുറിച്ച് പേക്കിനാവു കാണുന്ന ഞങ്ങൾക്കൊരു നീണ്ടകാല കരാറുണ്ട്—സംരക്ഷകനായ ദുര്യോധനനുമായി. മർത്യജന്മത്തിന്റെ വ്യർത്ഥതയെ കുറിച്ച് ഉറക്കെ നിങ്ങൾ ചിന്തിക്കുമ്പോഴും, മൂന്നാംകണ്ണ് പാണ്ഡവ വസതിയിലേക്കായിരിക്കണം എന്നവൻ ഓർമ്മിപ്പിച്ചു. “നോട്ടം തെറ്റിയാൽ പാണ്ഡവർ കുരുവംശ തൽസ്ഥിതിയെ തുരങ്കം വക്കും”—മനുഷ്യനെങ്കിലും, പ്രവചനസ്വരത്തിൽ, താക്കീതായി അവൻ പറഞ്ഞത് വിധാതാവിന്റെ കൽപ്പന പോലെ, അക്ഷരാർത്ഥത്തിൽ, ഞങ്ങൾ പാലിക്കും!”

“ശത്രുസംഹാരം ചെയ്യാൻ പറ്റിയ യുദ്ധം ഒന്നും ഇല്ല അല്ലേ?”, കൊട്ടാരം ലേഖിക വെയിൽ കായുന്ന അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

“യുദ്ധം ഇല്ലാത്തപ്പോഴും എനിക്ക് ജോലിയുണ്ട്, ആയുധം തേച്ചുമിനുക്കി ദിവ്യമന്ത്രങ്ങൾ ചൊല്ലി കൂരമ്പ് മൂർച്ച കൂട്ടും” വെറുതെ ഇരിക്കുന്ന ദിവ്യാസ്ത്രം അർജ്ജുനൻ ചൂണ്ടിക്കാട്ടി.

◇ 2025/01/07 ◇

“മറ്റനാല്വ പാണ്ഡവരുമായി പരസ്പരം മത്സരക്ഷമതയില്ലാത്ത ഒരു തങ്കപ്പെട്ട പ്രണയമൂല്യവും നിങ്ങൾ ഭീമനിൽ കണ്ടെത്തിയിട്ടില്ല?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പരിപൂർണ വൈകാരിക ആശ്രിതത്വം, അതു പോരെ പ്രണയാഭിലാഷങ്ങൾ പൂവണിഞ്ഞിട്ടില്ലെന്ന പരിദേവനത്തിലും, ഉപചാരപൂർവ്വം കൈമുത്തി വല്ലപ്പോഴമൊരിക്കൽ ഉടൽ ആനന്ദം യാചിക്കുന്ന എളിമഭീമനെ ഞാൻ മഹത്വപ്പെടുത്താൻ!”, പാഞ്ചാലിയുടെ സ്വരത്തിൽ വാത്സല്യം കലർന്നു.

“ഇന്ന് ഊട്ടുപുരയിൽ മഹാറാണി ഗാന്ധാരിയാണ് കൗരവപാണ്ഡവ രാജകുമാരന്മാർക്കു പിറന്നാൾസദ്യ വിളമ്പിത്തന്നതെന്നു കേട്ടല്ലോ!”, കൊട്ടാരം ലേഖിക ബാലപാണ്ഡവരോട് ചോദിച്ചു, “മുഖത്തു കാഴ്ചമറയ്ക്കുന്ന കൺകെട്ടുണ്ടെങ്കിലും, അളവിലും ഗുണത്തിലും വിവേചനമില്ലാതെ കൗരവർക്കും കൗന്തേയർക്കും ഒരുപോലെ ഭക്ഷണം വിളമ്പി, അല്ലെ?”

“നൂറുകൗരവർക്കു വിശിഷ്ടവിഭവങ്ങളെല്ലാം രണ്ടാം പ്രവശ്യവും വിളമ്പിക്കഴിയും വരെ, ഞങ്ങൾക്ക് ഭക്ഷണം വൈകിപ്പിച്ചു. പിന്നെ പാചകക്കാരെ വിരൽഞൊടിച്ചു ഞങ്ങൾക്ക് നേരെ ചൂണ്ടി, ഊട്ടുപുരയിൽ അവർക്കുള്ളത് മാറ്റിവച്ച് ബാക്കി ഞങ്ങൾക്ക് വിളമ്പാൻ ആവശ്യപ്പെട്ടു. കൗരവർക്കു വിളമ്പിയ വിശിഷ്ടഭോജ്യങ്ങൾ ഞങ്ങളുടെ ഇലയിൽ വിളമ്പിക്കാണാഞ്ഞപ്പോൾ, “അതെന്താ അങ്ങനെ?” എന്നു ഭീമൻ എഴുന്നേറ്റു പരിഭവത്തോടെ ഗാന്ധാരിയോട്ട് ചോദിച്ചു. അപ്പോൾ ആ മഹതി കൺകെട്ട് വീണ്ടും ധരിച്ചു ചൊടിച്ചു, “ചാരിത്ര്യവതിയായ ഞാൻ അന്തർനേത്രങ്ങൾ കൊണ്ടു, ഇതാ നേരറിയുന്നു, നൂറുകൗരവക്കുട്ടികൾക്കു ഏകശിലാദാമ്പത്യത്തിന്റെ ധാർമ്മികമൂല്യമായ ഒരേ പിതൃത്വമാണെങ്കിൽ, പാണ്ഡവരുടേതു കുന്തി മാദ്രിമാരുടെ വിവാഹബാഹ്യ, വൈവിധ്യപിതൃത്വങ്ങളുടേതു എന്നു, വിളമ്പുന്നവർക്കും വിളമ്പിക്കിട്ടുന്നവർക്കും ഒരുപോലെ അറിയാവുന്നതല്ലേ? എന്താ ഓരോ തവണയും ഇങ്ങനെ വീണ്ടും ചോദിച്ചറിയാൻ?”

“വിവാഹം കഴിഞ്ഞ് ഒന്നിലധികം ഭർത്താക്കന്മാരുമായി നിങ്ങൾ ഹസ്തിനപുരിയിൽ വന്നപ്പോൾ, ചുവന്ന പരവതാനി വിരിച്ച അരമനസ്വീകരണം കിട്ടിയ പഴയകാല ഓർമ്മ പങ്കിടാമോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കലം.

“ഒന്ന് കയറിക്കിടക്കാൻ ഇടമില്ല. രഹസ്യമായി തോഴികൾ വഴി അന്വേഷറിഞ്ഞപ്പോൾ വ്യക്തമായി, പാണ്ഡവർ നേരിട്ടക തലക്ക് മീതെ ശൂന്യാകാശം മാത്രമല്ല, കൗരവതടവറയിൽ ജീവപര്യന്തം ആയിരിക്കും ഇനിയുള്ള കാലം. വാരണാവതം അരക്കില്ലം അർദ്ധരാത്രി തീയിട്ടമ്പോൾ, പാണ്ഡവർ മരിച്ചെന്ന വ്യാജതെളിവുണ്ടാക്കാൻ, കുന്തിയും മക്കളും ഒരു ആദിവാസികുടുംബത്തെ ഇരയാക്കിയ സംഭവം കൗരവർ കൊലക്കുറ്റമാക്കി പാണ്ഡവരുടെ തലക്ക് വിലയിട്ടിരുന്നു. അന്നം ചോദിച്ചുവന്ന ആറംഗആദിവാസി കുടുംബത്തെ പച്ചക്ക് കത്തിക്കുക! ഞെട്ടിപ്പോയി. ജീവൻ വേണോ പാണ്ഡവരുടെ കൂടെ പൊറുക്കണോ?” ഭ്രതാവിഷ്ടപാഞ്ചാലി ആലോചനയിൽ ആയിരുന്നു.

“രാജ്യതാല്പര്യത്തെ ശത്രുക്കൾക്ക ഒറ്റകൊടുക്കാൻ മടിക്കാത്ത വിഘടനവാദിയാണ് നിങ്ങളെന്ന ഓരോ കുതിരപ്പന്തിയിലും വിശ്വസ്ത‘ചേവക’രെവച്ച ദുഷ്പ്രചരണം നടത്തുന്നല്ലോ, യുദ്ധതയ്യാറെടുപ്പിലും കിരീടാവകാശി ദുര്യോധനൻ! എങ്ങനെ നേരിടും യുക്തിവാദിചാർവാകൻ നിങ്ങൾ, ഇത്തരം സംഘടിത അസത്യാഘോഷങ്ങൾ?”, കൊട്ടാരം ലേഖിക അനുകമ്പയോടെ ചോദിച്ചു. യുദ്ധമേഘങ്ങൾ അടിഞ്ഞ ഹസ്തിനപുരി ആകാശം. രാജവീഥിയിൽ, വഴിയോര ചാർവാകകടിലിൽ, കുഞ്ഞുങ്ങൾ ഒട്ടിയ വയറും കരഞ്ഞുകലങ്ങിയ മുഖങ്ങളുമായി വെറും നിലത്തു ക്ഷീണിച്ചു കിടന്നു.

“യുദ്ധം ജയിച്ചു യുധിഷ്ഠിരൻ നാളെ അധികാരത്തിൽ കയറിയാൽ, തേച്ചുമിനുക്കും, എനിക്കെതിരെ രാജ്യദ്രോഹഅരുമപദാവലി, എന്നാലും ഞാൻ തെരുവോര പ്രസംഗങ്ങളിൽ, ജനാധിപത്യത്തിന്റെ കാഹളമുയർത്തും. സിംഹാസനം നഷ്ടപ്പെടുമെന്ന ഭീതിയിൽ പാണ്ഡവർ, എന്നെ അരയിൽ കരുക്കിട്ട് വലിച്ചു, അഴിയിട്ട മരക്കുടിൽ കുനിപ്പിടിച്ചിരുത്തി, ഉച്ചവെയിലിൽ നഗരി കാണിക്കും, പതിമൂന്നുവർഷം മുമ്പ് കൗരവർ പാണ്ഡവരെ പീഡിപ്പിച്ചപോലെ. എന്നാൽ ഒരുനാൾ തീർച്ചയായും വരുമോ, ജനങ്ങൾക്കുവേണ്ടി സാധാരണജനങ്ങൾ തിരഞ്ഞെടുത്തു ഭരിക്കുന്ന, എന്നാൽ അശേഷം കുടുംബവാഴ്ചയില്ലാത്ത ഒരുത്തമ രാജ്യഭരണക്രമം.”

“കുട്ടികൾ ഭക്ഷണത്തിനായി നിലവിളിക്കുന്നതൊന്നും നിങ്ങൾ കണ്ടില്ലേ മനുഷ്യാ? അധ്വാനിച്ചു ഒരു നേരം നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം വാങ്ങിക്കൊടുക്കു. പായിൽ സ്വൈര്യമായി ഒന്ന് കിടക്കാൻ പോലും സമ്മതിക്കാതെ രതി ആസ്വദിക്കുന്ന വിശ്വപ്രകൃതി കാണിക്കുമോ ഇത്തിരി കരുണ? അന്തസ്സുള്ള ആണുങ്ങൾ ജോലിചെയ്ത വരുമാനമുണ്ടാക്കി വർത്തമാനകാലം കുടുംബത്തോടൊപ്പം ആസ്വദിക്കുമ്പോൾ, നിങ്ങൾ, നിങ്ങൾമാത്രമെന്താ പ്രകാശപ്പൊലിമയുള്ള ഭാവി സ്വപ്നം കണ്ടു എന്നെയും കൊച്ചുകുട്ടികളെയും പട്ടിണിക്കിട്ടുന്നത്?”, ചാർവാകന്റെ ഭാര്യ, ഭർത്താവിനു മുമ്പിൽ വെല്ലുവിളിക്കുന്ന രീതിയിൽ വെളിച്ചപ്പെട്ടു. കൊട്ടാരം ലേഖിക, കുടിലിനു പുറത്തേക്കുകടന്നു.

◇ 2025/01/10 ◇

“കൗരവമുക്തമായ കുരുവംശ അധികാരശ്രേണിക്ക് ഭീഷണി ഉയർത്തുന്ന ഛിദ്രശക്തികളെ വഴിയിൽ കണ്ടാൽ ചിന്നഭിന്നമാക്കുവാൻ ഈ ഞണങ്ങിയ ഗദ മതി, അർജ്ജുനനെ പോലെ ദിവ്യായുധം തേടി പരക്കം പായുന്നവനല്ല വായുപുത്രൻ!” കൊട്ടാരം ലേഖികയോട് ഭീമൻ.

“പട്ടാഭിഷേകം കഴിഞ്ഞു പെറ്റതള്ളയെ കണ്ട അനുഗ്രഹം തേടുംമുമ്പ് പുതിയ ഹസ്തിനപുരി മഹാരാജാവ് യുധിഷ്ഠിരൻ, മുൻമഹാറാണി ഗാന്ധാരിയുടെ അരികെച്ചെന്ന മുട്ടുകുത്തി കൈകൂപ്പി മന്ത്രിക്കുന്നപോലെ. എന്തായിരുന്നു അത്?”, കൊട്ടാരം ലേഖിക നകുലനോട് മൃദുവായി ചോദിച്ചു.

“ഹൃദയശൂന്യമായ പദാവലി യുധിഷ്ഠിരൻ നിരവധി സാഹചര്യങ്ങളിൽ ഉച്ചരിക്കുന്നത് കേൾക്കാൻ എനിക്കവസരം കിട്ടിയിട്ടുണ്ടെങ്കിലും, ന്യൂമക്കളെയും കുരുക്ഷേത്രയിൽ നഷ്ടപ്പെട്ട ഗാന്ധാരിയോട് പറഞ്ഞ വാക്കുകൾ തങ്കലിപികളിൽ വേണം ഭാവിതലമുറക്കുവേണ്ടി നിങ്ങൾ സൂക്ഷിക്കാൻ.

“ഞാൻ മുട്ടുകുത്തിയത് നിന്റെ മുമ്പിൽ അല്ല പരിശുദ്ധമാതാവേ, മൊത്തം കുരുക്ഷേത്രവിധവകളുടെ കഷ്ടപ്പാടുകൾക്കും മുന്നിലാണ്” അങ്ങനെ വ്യക്തതയോടെ ധർമ്മപുത്രർ എന്നറിയപ്പെടുന്ന ജ്യേഷ്ഠൻ പറഞ്ഞു.”

“ദുശ്ശള നിങ്ങൾക്കെതിരെ കൊമ്പ കോർക്കുന്നതിൽ ദുഷ്ടലാക്ക് കാണുന്നുണ്ടോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. സ്ഥാവര ജംഗമസ്വത്തു, പാണ്ഡവർക്ക് നേർ പാതി കൊടുക്കണമെന്ന നിവേദനം ധൃതരാഷ്ട്രർക്ക് യുധിഷ്ഠിരൻ കൈമാറിയത് ഹസ്തിനപുരിയിൽ രാഷ്ട്രീയഭൂകമ്പം സൃഷ്ടിച്ച അശാന്തദിനങ്ങൾ.

“സത്യവതിയുടെ ശ്രമത്തിൽ നിലവിൽ വന്ന കീഴാളമൂല്യങ്ങളെ തകർത്തു, കൗരവ പാണ്ഡവ ദ്വന്ദത്തിൽ വംശീയമായി രാജ്യം വിഭജിക്കണമെന്ന പാണ്ഡവ നിവേദനം ചവറ്റുകൊട്ടയിൽ എറിയണം എന്നല്ലേ ഹസ്തിനപുരി വനിതാവകാശ സമിതി അധ്യക്ഷ സൈന്ധവറാണി ദുശ്ശള പറഞ്ഞുള്ളു? അതിൽ ദുഷ്ടലാക്കു കാണുന്ന നിങ്ങൾക്കാണ് സവർണ്ണ പാണ്ഡവരുടെ കഴുകൻകണ്ണ്! നിങ്ങളെപ്പോലുള്ള ഇരുട്ടിന്റെ ദുഷ്ടശക്തികളാണ് സമൂഹത്തിന്റെ ചിതൽ! കിരീടാവകാശിയെന്ന നിലയിൽ, ഞാൻ കൂടുതൽ പറഞ്ഞാൽ അവകാശലംഘനം എന്ന അപരാധമായി മാറും. തിന്മയുടെ മൂർത്തി ആയി കുന്തിയെ കൗരവരാജസ്ത്രീകൾ എന്നോ അടയാളപ്പെടുത്തിക്കഴിഞ്ഞു. സുഖവാസകേന്ദ്രമായിരുന്ന വാരണാവതം കൊട്ടാരം തീവച്ചതിൽ ആയിരുന്നില്ല കൗരവവധുക്കളുടെ കരൾ നൊന്തത്, പാണ്ഡവർ മരിച്ചു എന്ന വ്യാജതെളിവ് നിർമ്മിക്കാൻ ആദിവാസികുടുംബത്തെ കുന്തി ചുട്ടെരിച്ചതിൽ അവർക്കെതിരെ നിയമനടപടി എടുക്കാൻ സാധിക്കാത്തതിൽ ആണ്. കിരീടാവകാശി എന്ന നിലയിൽ എനിക്ക് അധികാരപരിമിതിയുണ്ടാവാം എന്നാൽ നാളെ എനിക്ക് കിരീടം കിട്ടിയാൽ? കൗരവർ ആരെന്നു കുന്തി മനസ്സിലാക്കും”.

“ഇര എന്ന വസ്തുത പൊതുസമൂഹം അംഗീകരിക്കുമ്പോൾ തന്നെ, അഴിച്ചിട്ട മുടിയിനി കെട്ടണമെങ്കിൽ കൈക്കുമ്പിളിൽ ഞങ്ങൾ കൌരവച്ചോര കൊണ്ട് വരണം എന്ന്, ഒരാചാരം പോലെ ഒഴുക്കൻ മട്ടിൽ പറഞ്ഞതിൽ കവിഞ്ഞ പ്രതികാരതീവ്രത നീ, കൌരവരെ കുറിച്ച് ഞങ്ങൾ നിത്യവും നിന്റെ അടുത്തിരുന്ന അമർഷം പ്രകടിപ്പിക്കുമ്പോഴൊന്നും, സന്ദർഭത്തിന്റെ ഗൌരവമനുസരിച്ച് കാണിക്കുന്നില്ലല്ലോ”, അർജ്ജുനൻ ആശ്ചര്യപ്പെട്ടു.

“എന്തിനു നിങ്ങൾക്കൊപ്പം ചേർന്ന് എന്റെ ആരാധകരെ പഴിപറയണം?”, പാഞ്ചാലി കൊട്ടാരം ലേഖികയെ അർത്ഥഗർഭമായി നോക്കി, “പ്രത്യേകിച്ചും, സൌന്ദര്യവർദ്ധക മരുന്നുകളും അടിവസ്ത്രങ്ങളും ഞാൻ ആവശ്യപ്പെട്ടത് ദുര്യോധനന്റെ കാര്യാലയത്തിൽ സൌമനസ്യത്തോടെ പരിഗണിക്കപ്പെടുമ്പോൾ?”

◇ 2025/01/11 ◇

“ഈ പരിമിത ഭൗതിക സാഹചര്യത്തിലായിരുന്നോ രണ്ടു യുവതികൾ, ഗർഭധാരണം, പ്രസവം, നവജാത ശിശുപരിപാലനം—അന്തഃപുരത്തിൽപോലും ഭീതി ഉയർത്തുന്ന വിധം വെല്ലുവിളി നിറഞ്ഞ ജൈവികാവസ്ഥകളിലൂടെ അഞ്ചുസുന്ദരന്മാരെ പോറലേൽപ്പിക്കാതെ തീരത്തെത്തിച്ചത്!”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡു മരിക്കും മുമ്പ് കാട്ടകയറി അവരുടെ ആശ്രമം സന്ദർശിച്ച നേരം.

“വിവാഹത്തിനുമുമ്പ് രഹസ്യഗർഭത്തിലൂടെ പരസഹായമില്ലാതെ പെറ്റതും, നോവ് വിട്ടുമുമ്പ് പനംകുട്ടയിലാക്കി കുഞ്ഞിനെ സ്വയം നീരൊഴുക്കിൽ വിട്ടതും, കുട്ടികളില്ലാത്ത അതിരഥ ദമ്പതികൾ നോവേൽപ്പിക്കാതെ പൊന്നുപോലെ അവനെ വളർത്തിയതും ദശാബ്ദങ്ങൾ കഴിയുമ്പോൾ സ്ത്രീകൾ പഠിച്ചറിയട്ടെ. അതൊക്കെ വിഭാവനചെയ്യുമ്പോൾ മാതൃത്വഅവകാശം യാഥാർഥ്യമാക്കാൻ രണ്ടു ഒരുമ്പെട്ട പെണ്ണുങ്ങൾ വൈവിധ്യ സ്രോതസ്സുകളിൽ നിന്നും ഉത്തമ ബീജസംഭരണത്തിലൂടെ ഗർഭം ധരിച്ചു, പാരസ്പര്യത്തിലൂടെ ശിശു രക്ഷയിലേക്കെത്തിച്ചു എന്നതൊക്കെ അത്ര വലിയ കാര്യമാണോ? നിങ്ങൾ ശരിക്കും വിസ്മയിക്കേണ്ടത് പാണ്ഡവർ എന്ന അഞ്ചു സന്തതികളെക്കുറിച്ചല്ല, മഹാറാണി ഗാന്ധാരിയുടെ അമാനുഷ പ്രസവങ്ങളെക്കുറിച്ചാണ്. രാപ്പകൽ കണ്ണുകെട്ടി കാഴ്ച സ്വയം നിഷേധിച്ച ഒരു വനിത നൂറുപെറ്റു എന്നതല്ലേ വിശ്വപ്രകൃതിയെ വെല്ലുവിളിക്കുന്ന വിധം ആ വീരാംഗനയെ വിസ്മയ കഥാപാത്രമാക്കുന്നത്!”

“ദൃശ്യാവിഷ്കാരത്തിന്റെ ‘സാക്ഷാത്കാരം’ നിങ്ങളല്ലേ? പീഡകകീചകനെ ശ്വാസംമുട്ടിച്ചു കൊല്ലുന്ന രാജതോഴി സൈരന്ധ്രിയുടെ കൊലയാളിമുഖത്തിനു, മഹാറാണി പാഞ്ചാലിയുടെ കോമളമുഖത്തിനോട്ടു സാമ്യമുണ്ടെന്ന ആരോപണം എങ്ങനെ നേരിടും?”, കരിമ്പട്ടികയിൽ നിങ്ങളുടെ പേരു ചേർത്താൽ അതോടെ തീർന്നില്ലേ കലാസപര്യ!, കൊട്ടാരം ലേഖിക ചോദിച്ചു.

“കീചകനെ ജീവനോടെയോ ജഡമായൊ ഞാൻ കണ്ടിട്ടില്ല, റാണിപാഞ്ചാലിയെ ദൂരെനിന്നു കണ്ട പരിചയമേ ഉള്ളൂ, വിരാടരാജ്യത്തിലെ, യുവസേനാപതികീചകന്റെ ദുർമരണം വായിച്ചറിഞ്ഞപ്പോൾ ഉള്ളുലച്ചിരുന്നു. നവജാത ശിശുക്കളെ പുഴയിൽ മുക്കിക്കൊല്ലുന്ന അരമന പാരമ്പര്യമുണ്ട്, ശന്തനുവിനോളം നീളുന്ന കുരുവംശ‘ഖ്യാതി’ക്ക്. എന്നിട്ടും, തീവ്രപ്രണയത്താൽ ചിന്താശക്തി നഷ്ടപ്പെട്ട യുവ കീചകനെ, മനോവിഭ്രാന്തിയുള്ള പാണ്ഡവൻ ചതിച്ചു കൊന്നു എന്ന് കേട്ടപ്പോൾ, അങ്ങനെയല്ല, ഇതിനു പിന്നിലൊരു ‘പെൺപാപ’മുണ്ടെന്നു അന്തഃരംഗം ശബ്ദിച്ചു. കലാകാരനല്ലേ, അത് കേൾക്കേണ്ടേ? കൊലചെയ്യുന്നതു മന്ദബുദ്ധിപാണ്ഡവനല്ല, സൈരന്ധ്രി! എന്ന തിരിച്ചറിവിൽ ചെയ്ത ദൃശ്യാവിഷ്കാരം കരഘോഷത്തോടെ ആസ്വദിച്ചത് നൂറോളം കൗരവരാജവിധവകൾ ആയിരുന്നല്ലോ. പോരാട്ടത്തിലൂടെ കയറിയ യുധിഷ്ഠിര ഭരണകൂട സംസ്കാരത്തിൽ, പ്രതിപക്ഷത്തിരിക്കുന്നവരുടെ ആസ്വാദനവികാരത്തിനെന്താ ഒരു വിലക്കുറവ്!”

“ബലിദാനിദുര്യോധനൻ പോർക്കളത്തിൽ കൊല്ലപ്പെട്ട് ഒരു വർഷം കഴിഞ്ഞപ്പോഴാണോ, ഹസ്തിനപുരി നീതിപീഠം ‘വധശിക്ഷ’ വിധിക്കുന്നത്? എവിടെ കേട്ട നീതിന്യായവ്യവസ്ഥയാണ് യുധിഷ്ഠിരഭരണകൂടത്തിൽ പൊതുസമൂഹം, ഈ കാണുന്നത്!”, കൊട്ടാരം ലേഖിക ഔദ്യോഗിക പാണ്ഡവ വക്താവിനോട് ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകൂടത്തിൽ, അവശ്യസാധനങ്ങളുടെ അന്യായവിലവർധനയിൽ മൂന്നു നേരം അടുപ്പു പുകക്കാൻ വഴികാണാതെ ജനം നട്ടം തിരിയുന്ന നാളുകൾ.

“നീതിയുടെ വഴി നീണ്ടതെങ്കിലും, സത്യവചനം നോക്കേണ്ടേ? സ്വയം കിരീടാവകാശി എന്ന് പ്രഖ്യാപിച്ചു, കാഴ്ചപരിമിതനായ രാജാവിനെ കബളിപ്പിച്ചു കൗരവൻ ചെയ്ത അധികാര ദുർവിനിയോഗത്തിനു നീതിപീഠത്തിൽ പരാതി കൊടുത്തതു പാണ്ഡവർ ആയിരുന്നില്ല, യുയുൽസു എന്ന അത്രയൊന്നും അറിയപ്പെടാത്ത ധൃതരാഷ്ട്രപുത്രൻ! അത് നീതിപതി യുദ്ധത്തിനുമുമ്പ തന്നെ തീർപ്പാക്കാമായിരുന്നിട്ടും, നിയമനടപടിക്രമത്തിന്റെ ന്യൂലിഴകൾ പൊട്ടാതെ പൂർത്തിയാക്കി വിധി പ്രസ്താവിച്ചു എന്നതൊരു നാഴികക്കല്ലായി വരുംയുഗങ്ങളിൽ പ്രകീർത്തിക്കപ്പെടും. ഇനിയുമുണ്ട് നീതിപീഠത്തിൽ പരാതികൾ കാത്തു കിടക്കുന്നവ. അവയിൽ വിധി പ്രസ്താവിക്കുമ്പോൾ ‘ഹസ്തിനപുരി പത്രിക’യുടെ ചുവരെഴുത്തുപതിപ്പുകളിൽ വീഴുക അഭിനന്ദനത്തിന്റെ പൂവിതളോ ചാണകവെള്ളമോ എന്ന് പതുക്കെ കണ്ടറിയാം” നകുലൻ അർത്ഥഗർഭമായി കൊട്ടാരം ലേഖികയെ നോക്കി പുഞ്ചിരിച്ചു. വനവാസക്കാലത്തെ അഭിമുഖസന്ദർശനങ്ങൾക്കു സൗകര്യം ചെയ്തുകൊടുത്തത് ദുര്യോധനൻ ആയിരുന്നു എന്ന സ്തോഭജനകമായ രഹസ്യം കുതിരപ്പന്തികളിൽ പാറിനടക്കുന്ന ദിനങ്ങൾ.

“നിന്നു തിരിയാൻ കാട്ടു കുടിലിൽ ഇടമില്ല. പക്ഷേ, ഒരാൾക്ക് മാത്രമൊന്ന് സ്വന്തം, അതെന്താ അങ്ങനെ?”, കൊട്ടാരം ലേഖിക ചോദിച്ചു. വനവാസം.

“ആണുങ്ങൾ അവളോട് പൊറുക്കാൻ ആവാത്ത അപരാധം ചെയ്തു, അതുകൊണ്ട് അവൾക്ക് വിലപിക്കാൻ സ്വന്തമായി ഇടം ഒരുക്കണം എന്ന് ഉടയോൻ ദുര്യോധനൻ പറഞ്ഞാൽ അടിമകളായ ഞങ്ങൾ ഉടൻ അനുസരിക്കേണ്ടെ? ഗാന്ധാരിയെ പോലെ കണ്ണു കെട്ടും, ഞങ്ങളെ കാണാതിരിക്കാൻ, എന്നിട്ട് അന്തർ നേത്രങ്ങളിലൂടെ ആരാധ്യ പുരുഷന്മാരുമായി ആംഗ്യഭാഷയിൽ വിനിമയം ചെയ്യും!” നിസ്സഹായത നിഴലിച്ച കണ്ണുകളോടെ ഭീമൻ തല താഴ്ത്തി.

“കഴിവുകെട്ട ഭീഷ്മരെ സൈനിക വേഷമഴിപ്പിച്ചു, ദ്രോണരെ കൗരവ സഖ്യസൈന്യാധിപനാക്കുമെന്നു ദുര്യോധനൻ വികാരഭരിതനായി വെല്ലുവിളിക്കുന്നല്ലോ. എങ്ങനെ നേരിടും, പൊതുജീവിതത്തിന്റെ അന്ത്യയാമങ്ങളിൽ പേരുദോഷം വരുത്തുന്ന പോർക്കളഭീഷ്മനി?”, കൊട്ടാരം ലേഖിക പിതാമഹനോട് ചോദിച്ചു. ഒമ്പതുദിവസം ആവേശത്തോടെ ഓടിനടന്നു വാൾവീശിയിട്ടും പാണ്ഡവകഴുത്തിൽ മുറിവേൽപ്പിക്കാൻ ഭീഷ്മർക്കായില്ലെന്നു കൗരവർ നീരസപ്പെടുന്ന ദിനം.

“പരമാധികാരി ദുര്യോധനന്റെ തീരുമാനം അംഗീകരിക്കുന്നു. കുരുക്ഷേത്രഭൂമിയുടെ വലിപ്പമാണ് എന്റെ പോരാട്ട വലിപ്പം എന്ന് പ്രിയമാതാവ് ഗംഗ സ്വപ്നദർശനത്തിൽ സാന്ത്വനിപ്പിച്ചത് അർഥഗർഭമായല്ലോ! വിധാതാവിന്റെ മുമ്പിലും തലകുനിക്കാതെ കേറിക്കിടക്കാൻ സ്വന്തമായി എനിക്കൊരു ഇടമുണ്ട്—ശരശയ്യ! യുവതയിൽ എന്റെ അന്യായക്രൂരസുകളാൽ കാശിരാജ സ്വയംവരസഭയിൽ നടുവൊടിഞ്ഞു വീണ രാജകുമാരന്മാർ എന്നോ പണിതുവച്ച പ്രതികാരകുടീരം!”

◇ 2025/01/12 ◇

“സൗന്ദര്യ ആരാധകരായ അഞ്ച ഭർത്താക്കന്മാരെ പ്രതിരോധ കവചമാക്കി, തന്നിഷ്ടക്കാരി ചെയ്യുന്ന തോന്നിവാസമാണിപ്പോൾ പാണ്ഡവ വംശത്തിൽ കാണുന്നതെന്ന കിരീടാവകാശി പരീക്ഷിത്തിന്റെ അഭിപ്രായം ശ്രദ്ധയിൽപെട്ടുവോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. “അരങ്ങേറ്റ മൈതാനത്തെ ഇളക്കി മറിച്ച കന്നി പ്രഭാഷണത്തിൽ, ആരെയും പേര് പറഞ്ഞവൻ പരിഹസിക്കുന്നില്ലെങ്കിലും, ഭാവി രാജാവിന്റെ കൊട്ട്, കൊള്ളേണ്ടവർക്കെല്ലാം കിട്ടി എന്ന ബോധ്യമുണ്ടോ?”.

“വർഷങ്ങളായി പരീക്ഷിത്ത് ‘വളർന്ന കൊണ്ടേയിരിക്ക’യാണെന്ന അഭിമന്യുവിധവ ഉത്തര പറഞ്ഞത് എത്ര ശരി! കൗരവരാജവിധവയുടെ കുടുംബത്തിൽ നിന്നൊരു വധുവിനെ തേടി, ഇപ്പോൾ വംശീയമായി വിഭജിച്ച കിടക്കുന്ന കൗരവ പാണ്ഡവകുടുംബങ്ങളുടെ ജനിതക ഏകീകരണം അതുവഴി പ്രകൃതി കനിഞ്ഞു. കഴിയുമെങ്കിൽ ഒരു തുള്ളി ചോരയൊഴുക്കാതെ, ഞങ്ങൾ ഹസ്തിനപുരി രാജധാനിയിൽനിന്നും സ്വയം ഇടമൊഴിഞ്ഞവർക്ക് ചെങ്കോൽ കൊടുക്കാം”, എഴുനേറ്റ നിൽക്കാൻ ഉശിരില്ലാതെ, ഇരുന്നിടത്തു കനിഞ്ഞുപോയ യുധിഷ്ഠിരൻ, ആ വിധം സംസാരിക്കുമ്പോൾ, ശബ്ദം അവ്യക്തമായി. മറ്റ നാല് പാണ്ഡവർ അശക്തരായി മുഖം താഴ്ത്തി. വയോജന പാണ്ഡവരുടെ പ്രസക്തിയെക്കുറിച്ചുയർന്ന ദുസ്സംശയങ്ങൾ തളർത്തിയ മഹാറാണി പാഞ്ചാലിയുടെ നോട്ടം അയഞ്ഞു, ജാലകത്തിന്നപ്പുറത്തു മുഖംമൂടിയുമായി കിരീടാവകാശി പതിവുപോലെ ചെവികൂർപ്പിച്ചു.

“ഒരാൾ ‘ധർമ്മപുത്രർ’ എന്ന് പ്രകീർത്തിക്കപ്പെടുമ്പോൾ, മറ്റനാലുപേരുടെ മനോവീര്യം തളരില്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു. സ്വർഗ്ഗരാജ്യത്തിലേക്കു യാത്ര ഒരുങ്ങിയ രഥത്തിലേക്ക് ആദ്യം നായയെ പ്രവേശിപ്പിച്ച യുധിഷ്ഠിരൻ, പ്രകൃതിയോട്ട് യാത്ര പറയുന്ന സന്ധ്യ.

“കൈപിടിച്ച് ക്ഷണിക്കണോ?, അവർക്കു നോക്കിയും കണ്ടും അനുകരിച്ച കൂടെ? ശ്രദ്ധിച്ചിട്ടില്ലേ നിങ്ങൾ, ഒന്നും അങ്ങനെ ഞാൻ “വെറുതെ പറയുക” പതിവില്ല, എന്തു “പ്രസ്താവിക്കു”മ്പോഴും.

“ഇതൊരു സത്യവാങ്മൂലം എന്ന മൗനസൂചനയോടെ ഇടനെഞ്ചിൽ വലതുകൈവച്ച് ഞാൻ ഉച്ചരിച്ചു. ഓർമ്മ വച്ച മുതൽ പരപ്രേരണയില്ലാതെ അനുഭവവേദ്യമായതു പോലെ, മൊത്തം മനുഷ്യവംശത്തിനും വരും ഈ ബോധ്യം!”

“ദിവസങ്ങൾ കഴിഞ്ഞല്ലോ, നമ്മുടെ പാണ്ഡവരെ ആരെയും കാണുന്നില്ല. സുഖമില്ലേ, കിടപ്പിൽ ആണോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“ദിവസങ്ങൾ നീണ്ട രഹസ്യനിയോഗം കഴിഞ്ഞു തിരിച്ചു യാത്രയിൽ. രാത്രിയോടെ എത്തും. ഹസ്തിനപുരിയിലേക്കുള്ള ഒന്നിലധികം അതിർത്തികളിൽ പാണ്ഡവർ വേഷപ്പകർച്ചവഴി രൂപം മാറ്റി, ചുങ്കം കൊടുക്കാതെ ചരക്കു കൊണ്ടുവരുന്ന കച്ചവടക്കാരിൽനിന്നും പിഴ ഈടാക്കുന്ന മഹായജ്ഞത്തിൽ ആയിരുന്നു. പിഴയും ചരക്കും ശിക്ഷയായി കൈവശപ്പെടുത്തും. നിയമം കയ്യിൽ എടുക്കാൻ വേറെ ആരെയും അനുവദിക്കില്ല എന്നാണ് പാണ്ഡവനയം. കൗരവവിധവകൾ സ്ത്രീധനസ്വർണം സ്വന്തം നാട്ടിലേക്ക് കടത്തുന്നതും മുഴുവൻ പിടിച്ചെടുത്തു. മൊത്തം നമ്മുടെ നാട്ട് യുദ്ധക്കെടുതി ഇല്ലാതെ ഇനി രക്ഷപ്പെട്ടും എന്നാണ് പ്രതീക്ഷ. പാണ്ഡവർ അഞ്ചുപേരും കൊല്ലപ്പെട്ടാൽ, എന്തു അല്ലേ? ഞാൻ ചെങ്കോൽ പിടിക്കാൻ മടിക്കില്ല.”

◇ 2025/01/13 ◇

“വേട്ടയിറച്ചി സമൃദ്ധമായി കൊട്ടാരഊട്ടുപുരയിൽ പാണ്ഡവർക്ക് വിളമ്പുമ്പോഴും, ജാലകങ്ങൾ ചേർന്നിരുന്ന നിങ്ങൾ ഒറ്റയ്ക്കകഴിക്കുന്നത് ഉണക്കപ്പഴങ്ങളും ശുദ്ധജലവും? ഇതെന്താ ഭക്ഷണ ക്രമത്തിൽ വിവേചനം?”, കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥക്കാലം.

“ഈ ഉടൽ ‘സമ്മാന’മായി തരുമ്പോൾ വിശ്വപ്രകൃതി ഓർമ്മിപ്പിച്ചു, “മറ്റുള്ളവർ വേട്ടയാടിത്തിന്നുമ്പോൾ, ആത്മത്യാഗത്തിന്റെയും സഹനത്തിന്റെയും തിരസ്കാരത്തിന്റെയും അച്ചടക്കം നിറഞ്ഞതായിരിക്കട്ടെ നിന്റെ തീൻശാല!”

“പരമോന്നതപദവി നേടിയാലും, പാണ്ഡവർ പെറ്റതള്ളയെ ഒരിക്കലും കയ്യൊഴിയില്ല എന്ന ഞാൻ ഉറപ്പു വരുത്തും എന്നനിങ്ങൾ, ഏകപുത്രവധുവെന്ന നിലയിൽ, ഭർത്തൃമാതാവ് കുന്തിയെ കനിവോടെയും തന്റേടത്തോടെയും ആശ്വസിപ്പിക്കാൻ ബാധ്യസ്ഥയല്ലേ? എന്നിട്ടും ആത്യാഗസമ്പന്നയെ തരംകിട്ടിയപ്പോൾ നിങ്ങൾ നൊമ്പരപ്പെടുത്തിയോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥത്തിലെ മയൻനിർമ്മിത സ്ഥലജലഭ്രമത്തിൽ വിശിഷ്ടാതിഥികൾ വഴുക്കിവീഴുമ്പോൾ പാഞ്ചാലി പൊട്ടിച്ചിരിച്ചെന്ന പരാതിയുമായി കൗരവർ പാഞ്ചാലിക്കെതിരെ കുതിരപ്പന്തികളിൽ വിഷപ്രചാരണം നടത്തുന്ന അശാന്തകാലം.

“മക്കൾ ആരെയും മനഃപൂർവ്വം വഴുക്കിവീഴ്ത്തില്ല എന്ന് കുന്തി പറഞ്ഞിരുന്നോ? അങ്ങനെ ആരെങ്കിലും വഴുക്കിവീണാൽ തന്നെ, അതുകണ്ടു വാവിട്ടു ചിരിക്കുന്ന ഗ്രാമീണയല്ല, പരിഷ്കൃതസമൂഹത്തിന്റെ പെരുമാറ്റമറിയുന്ന പാഞ്ചാലി എന്ന് പൊതുവേദിയിൽ കുന്തി എന്നെ പിന്തുണച്ചുവോ? ഇല്ലല്ലോ. അപ്പോൾ വ്യക്തമായി, രാജസൂയയാഗം ചെയ്ത ഇന്ദ്രപ്രസ്ഥചക്രവർത്തിയായ യുധിഷ്ഠിരനെതിരെ, കുടില കൗരവരുടെ കുത്തിത്തിരുപ്പിൽ, കുന്തി നടുന്ന വിഷവിത്തുകൾ ഇനിയും വളർന്നുവളർന്നുയരും. ഗാന്ധാരിയുടെ തോഴിയായി കൺകെട്ടുണ്ണിയുടെ വിഴുപ്പലക്കിയാലും, പുത്രവധുപാഞ്ചാലിയുടെ നവജാതശിശുക്കൾക്കു വ്യക്തിഗത മാതൃപരിചരണം ചെയ്തില്ല എന്ന കുന്തി ശഠിച്ചുവോ? നിങ്ങൾക്ക് അറിയില്ല? അതാണ് പറഞ്ഞത്, അറിയേണ്ടതൊന്നും നിങ്ങൾ അറിയാൻ ശ്രമിക്കുന്നില്ല. മുൻവിധിയോടെ പാഞ്ചാലിക്കെതിരെ, കുന്തിയുടെ കുപ്രചരണങ്ങൾക്ക് ‘ഹസ്തിനപുരി പത്രിക’യുടെ ചുവരെഴുത്തിൽ എന്നിട്ടും നിങ്ങൾ ഇടം കൊടുക്കുന്നു! അമാന്യമായ ഈ പണി നിങ്ങൾ നിർത്തിയില്ലെങ്കിൽ, പറഞ്ഞേക്കാം, ഇനി മായിക സഭാതലത്തിൽ വഴുക്കി വീഴാൻ പോവുന്നത് നിങ്ങൾ തന്നെയായിരിക്കും!”

“പാണ്ഡവർ മരിച്ച ഉദകക്രിയ ചെയ്തശേഷം നിങ്ങൾ മരിച്ചാൽ മതിയോ, അതോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു. മഹാപ്രസ്ഥാനം.

“ഞാൻ മരിച്ചശേഷം ആകട്ടെ പ്രിയ നകുലനും സഹദേവനും മരിക്കുന്നത്, അല്ലെങ്കിൽ, അവരുടെ മരണം സഹിക്കാൻ ആവാതെ ഞാൻ വിങ്ങിപ്പൊട്ടും.”

◇ 2025/01/14 ◇

“കാശിരാജകുമാരിയും, വിചിത്രവീര്യ രാജാവിന്റെ വിധവയുമായ അംബികയിൽ, നിങ്ങൾക്കുണ്ടായ മകൻ ധൃതരാഷ്ട്രർക്ക്, ഗാന്ധാര രാജകുമാരിയിൽ പിറന്നവരല്ലേ കൗരവർ? അവരെ തിന്മയുടെ ഇതിഹാസമെന്നൊക്കെ കരിവാരി തേച്ചതു അൽപ്പം കൂടിപ്പോയോ?”, കൊട്ടാരം ലേഖിക വ്യാസനോട്ട് ചോദിച്ചു. മഹാഭാരതം ആദ്യകരട് പുറത്തുവന്ന ആസുരകാലം.

“പരിത്യാഗിക്കെത്ത ലൈംഗിക, വൈകാരികബന്ധം അംബികത്തന്വരാട്ടിയുമായി! എന്റെ അമ്മയും, ഹസ്തിനപുരി മഹാറാണിയുമായിരുന്ന സത്യവതി, രഹസ്യമായി അന്തഃപുരത്തിൽ വിളിച്ചുവരുത്തി, കുരുവംശത്തുടർച്ച ഉറപ്പുവരുത്താൻ, അംബിക, അംബാലിക എന്നീ കുരുവംശ വിധവകളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ ആവശ്യപ്പെട്ട, കൃത്യം നിർവ്വഹിച്ച, ദേഹശുദ്ധി വരുത്തി അമ്മയോട് യാത്ര പറഞ്ഞു. എന്നു പറഞ്ഞാൽ, ബീജസംഭരണം ചെയ്ത ആ മഹതികളോടായിരുന്നില്ല യാത്രാമൊഴി. അതിനർത്ഥം വ്യാസബീജം സ്വീകരിച്ചവരോടല്ല. എന്നാൽ എന്റെ ബീജം കർത്തവ്യം ചെയ്യുന്നുണ്ടോ, നീ രൊഴുക്കിൽ ശന്തനുകഞ്ഞുങ്ങളെപോലെ മുങ്ങിമരിക്കുന്നുണ്ടോ എന്നൊന്നും, അന്നും ഇന്നും, പരിത്യാഗിയുടെ പരിഗണനാ വിഷയമല്ലെന്നു എനിക്കു ബോധ്യമുള്ളതു പോലെ, സത്യവതിയ്ക്കും നിശ്ചയമുണ്ടായിരുന്നത് കൊണ്ടാവണമല്ലോ ശൈശവആചാരങ്ങൾക്കോ കുട്ടികളുടെ വളർച്ചഘട്ടങ്ങളിലോ എന്റെ ഭൗതികസാന്നിധ്യമോ, ആത്മീയതേജസ്സോ, അവർക്കു ഞാൻ സമ്മാനിക്കണമെന്ന ആവശ്യപ്പെട്ടില്ല. അമ്മ ഏൽപ്പിച്ച കർമ്മമായിരുന്ന എനിക്ക് കാര്യം, കർമ്മഫലമെത്ത എന്നായിരുന്നില്ല. ബീജദാനത്താൽ പിറന്നെന്നു പറയപ്പെടുന്ന ധൃതരാഷ്ട്രർ പാണ്ഡു എന്നിവർ രാജാക്കന്മാരെന്ന നിലയിൽ കഴിവുകെട്ടവരായിരിക്കാം എന്നാൽ ‘പിതാവേ പ്രണാമം’ എന്ന തരള വിളിയുമായി, മലഞ്ചെരുവിലെ എന്റെ ആശ്രമത്തിലോ, അപൂർവ്വം മാതൃസന്ദർശനത്തിൽ എന്നെ വന്നു കാണുമ്പൊഴോ, അഭിസംബോധന ചെയ്തില്ല എന്നത് സത്യവതി പഠിപ്പിച്ച പെരുമാറ്റവിവേകത്തെ സൂചിപ്പിക്കുന്നു. എന്നാൽ അത്തരം സാംസ്കാരികഔചിത്യം നിങ്ങൾക്കില്ലാതെ പോയല്ലോ. നിങ്ങളെപ്പോലൊരു നിർദ്ദയവ്യക്തിയിലാണല്ലോ മഹാഭാരത ഇതിഹാസം വായനക്കായി എത്തിപ്പെട്ടത് എന്നോർക്കുമ്പോൾ കരൾനോവുന്നു. ദൈവമേ, ഒരെഴുത്തുകാരൻ ആരോടും മമതയോ കാലുഷ്യമോ ഇല്ലാതെ എഴുതിയാൽ മാത്രം പോരാ, സഹൃദയ വായനക്കാരെയും കണ്ടെത്തണം എന്നുണ്ടോ!”

“കാട്ടുമുക്കിൽ ഭർത്താക്കന്മാർക്കൊപ്പം കഴിയുന്ന പാഞ്ചാലിയിൽ, ദൂരെ ദൂരെ ഹസ്തിനപുരി ഭ്രഗർഭഅറയിലെ കാര്യാലയത്തിൽ, നിങ്ങളുടെ പ്രതിയോഗി ദുര്യോധനന്, പാഞ്ചാലിയുടെ ഉടലിൽ അധികാരം പ്രയോഗിക്കാൻ കഴിയുന്ന എന്ന തിരിച്ചറിവ് നിങ്ങളെ വേദനിപ്പിക്കാറില്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു. സന്ധ്യ കനത്തിരുന്നു. വ്യാഴവട്ടക്കാല വനവാസത്തിന്റെ അന്ത്യം.

“അടിമക്കുമേൽ ഉടയോനു പരമാധികാരം ഉണ്ടെന്നത് സമകാലിക പരിഷ്കൃത സമൂഹത്തിൽ പരക്കെ സ്വീകാര്യത നേടിയ അവകാശമല്ലേ, അതിൽ എന്താണ് നിങ്ങൾ ആരോപിക്കും പോലെ ഞങ്ങൾ ഒറ്റക്കും കൂട്ടായും നിത്യവും നൊമ്പരപ്പെടാനുള്ളത്?”, ദുസ്സംശയത്തോടെ ഭീമൻ ശരീരം കുലുക്കി കണ്ണുകൾ തുറിച്ചു. ചുണ്ടിൽ ചോരക്കറ പൊങ്ങി. മറ്റുനാലു പാണ്ഡവർ അയാളെ ബലമായി പിടിച്ചുവലിച്ചു പുറത്തു തോട്ടത്തിൽകൊണ്ട് പോയി മണ്ണിൽ കിടത്തി തലയിൽ തണുത്ത വെള്ളം ധാരധാരയായി ഒഴിച്ചു.

◇ 2025/01/15 ◇

“കുന്തിയെ കൗരവർ ചാവേറാക്കുക സാധ്യമാണോ?”, ചാർവാകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു. മാന്തോപ്പിൽ കരിമ്പുനീർ കുടിക്കുകയായിരുന്ന ഇരുവരും. ഒളിവിൽക്കഴിയുന്ന പാണ്ഡവരെ പറഞ്ഞുപറ്റിക്കാൻ കൗരവർ പദ്ധതിനിർമ്മിക്കുന്ന ദിനങ്ങൾ.

“അജ്ഞാതവാസത്താവളത്തിൽ നിന്നു പാണ്ഡവരെ പുകച്ചു പുറത്തു കൊണ്ടുവരാൻ കൗരവർ തയ്യാറാക്കിയ രഹസ്യപദ്ധതിയിൽ കുന്തി സാന്ദർഭിക ഇരയാണോ, സജീവപങ്കാളിയാണോ? വ്യക്തമല്ല. പാണ്ഡവരുടെ നല്ല നടപ്പിനു ജാമ്യത്തടവുകാരിയായി, ഗാന്ധാരിക്കൊപ്പം പാർപ്പിച്ച കുന്തിയെ, തലമൊട്ടയടിച്ചു പുള്ളികുത്തി, കഴുതപ്പുറത്ത് നഗരികാണിക്കാൻ നിശ്ചയിച്ചിരിക്കയാണ് ദുഷ്ടബുദ്ധി ദുര്യോധനൻ. മാതൃപീഡനം തടയാൻ ഒരു ധീരപാണ്ഡവൻ മുമ്പിലേക്കു കുതിച്ചു ചാടിയാൽ, അതോടെതീരും പാണ്ഡവ ഒളിജീവിതത്തിലെ ‘അജ്ഞാത’ എന്ന വിശേഷണപദം. വീണ്ടും തുടങ്ങണ്ടേ, അടിമപദവി ദുസ്സഹമായ മറ്റൊരു വ്യാഴവട്ടക്കാല വനജീവിതം? വസ്ത്രാക്ഷേപസമയത്തുണ്ടായി എന്ന് കരുതപ്പെടുന്ന ‘മായികപ്രകടനം’ പോലെ, കൗരവകുടിലതയെ വിശ്വപ്രകൃതി കൈകാര്യം ചെയ്യട്ടെ എന്നാണു സാത്വികയുധിഷ്ഠിരന്റെ സമചിത്തത. ശ്രേഷ്ഠപാണ്ഡവൻ നിർമിതബ്രാഹ്മണസ്വത്വത്തിൽ വിരാടസേവകനും ചൂതാട്ട പരിശീലകനുമായി ‘മികച്ചപ്രകടനം’ കാഴ്ചവക്കുന്നുണ്ട്. അഞ്ചുപേരും പാഞ്ചാലിയും അതുപോലെ അരമന സമുച്ചയത്തിൽ സ്വസ്ഥ, ഒളിജീവിതം നയിക്കുന്നു. വിരാട ഭാര്യാസഹോദരനായ കീചകന്റെ അസ്വാഭാവിക മരണത്തിനു പിന്നിൽ ഭീമനാണെന്ന് സംശയിക്കുന്ന കൌരവർക്കു ‘നഗരികാണിക്കൽ’ നടപടി ദൈവകോപം വരുത്തുമോ എന്നാണു വിവേകവചനത്തിന്റെ മൂടുഭാഷി വിദുരർ ഭയക്കുന്നത്. അതിവേഗം വികസിക്കാവുന്ന കൊട്ടാര വാർത്തക്ക് ‘ഹസ്തിനപുരി പത്രിക’യുടെ പതിനഞ്ചോളം ചുവരെഴുത്തു പതിപ്പുകൾക്കായി കാത്തിരിക്കു അഭിവന്ദ്യ യുക്തിവാദിമിത്രമേ!”

“വിരാടകൊട്ടാരത്തിൽ പാചകക്കാരനായും കന്നുമേക്കുന്നവനായും നൃത്താധ്യാപകനായും ഒളിവിൽ കഴിയുന്ന പാണ്ഡവരെ, അജ്ഞാത വാസത്തിൽ നിന്നു പുകച്ചുപുറത്തു കൊണ്ടു വരാൻ കൌരവർ പുതിയ പദ്ധതി ഉടൻ നടപ്പിലാക്കും എന്നറിയുന്നു. പാണ്ഡവരുടെ നല്ല നടപ്പിനു ജാമ്യത്തടവുകാരിയായി ഹസ്തിന പുരിയിൽ കൗരവ ചാരനിരീക്ഷണത്തിൽ, ദശാബ്ദങ്ങളായി പാർപ്പിച്ചിരുന്ന കുന്തിയെ തലമൊട്ടയടിച്ചു പുള്ളികുത്തി, കഴുതപ്പുറത്ത് നഗരികാണിക്കാൻ തീയതി നിശ്ചയിച്ചിരിക്കയാണ് ദുര്യോധനൻ. മാതൃപീഡനം തടയാൻ ഒരു പാണ്ഡവൻ കുതിച്ചുചാടി മുന്നോട്ടിറങ്ങിയാൽ അതോടെ തീരും ഒളിജീവിതത്തിലെ അജ്ഞാത എന്ന നിബന്ധന. പിന്നെ വീണ്ടും തുടങ്ങണം അടിമപദവിയിൽ വ്യാഴവട്ടക്കാല വനജീവിതം. പാഞ്ചാലിയുടെ വസ്ത്രാക്ഷേപ സമയത്തുണ്ടായ മായികപ്രകടനം പോലെ കൗരവകുടിലതയെ പ്രകൃതി തന്നെ കൈകാര്യം ചെയ്യട്ടെ എന്നാണു സാത്വിക യുധിഷ്ഠിരന്റെ നിലപാട്. നിലവിൽ ഈ മുതിർന്ന പാണ്ഡവൻ കങ്കൻ എന്ന നിർമിതബ്രാഹ്മണ സ്വത്വത്തിൽ വിരാടന്റെ ചൂതുകളിസേവകനായി സ്വസ്ഥ, ഒളിജീവിതം നയിക്കുന്നു. വിരാട ഭാര്യാസഹോദരനായിരുന്ന യുവസൈന്യാധിപൻ കീചകന്റെ അസ്വാഭാവിക മരണത്തിനു പിന്നിൽ ഭീമനാണെന്ന് സംശയിക്കുന്ന കൌരവർക്കു ഈ നഗരികാണിക്കൽനടപടി ദൈവകോപം വരുത്തുമോ എന്നാണു വിവേകവചനത്തിന്റെ മൂടുഭാഷി വിദുരർ ഭയക്കുന്നത്. അതിവേഗം വികസിക്കാവുന്ന ഈ കൊട്ടാരവാർത്തയുടെ വിശദാംശങ്ങൾക്ക് കാത്തിരിക്കുക ഹസ്തിനപുരി പത്രിക.”

◇ 2025/01/16 ◇

“സ്വയംവരത്തിൽ കാണുന്ന ആയുധ പ്രദർശനം ഒന്നും അല്ല. നിങ്ങൾ ഇത്രനേരം കാട്ടിയത് പ്രശംസ നേടാൻ? അല്ല, എങ്ങനെ നിങ്ങൾക്ക് ധൈര്യം വന്നു ഹസ്തിനപുരി നീതിപീഠത്തിന് മുമ്പിൽ നിർലജ്ജം വസ്ത്രാക്ഷേപം ചെയ്യാൻ?”, ഹസ്തിനപുരി നീതിപതിയുടെ ക്ഷമതല വഹിക്കുന്ന കൃപാചര്യൻ പ്രതിയോട്ട് കോപാകുലനായി.

“വിശിഷ്ടാതിഥിയായി വന്ന ഒരു കുലസ്ത്രീയുടെ ഉടുതുണി കെട്ടഴിഞ്ഞു വീഴമ്പോൾ അതുകണ്ട് നിർവികാരനായി നോക്കി നിൽക്കുമോ ഈ ധീര ദ്രോണശിഷ്യൻ? അഭിവന്ദ്യ ഗാന്ധാരിയുടെ മകൻ ഈ രണ്ടാംകൗരവൻ? അവൾക്കുടുക്കാൻ തിരുവസ്ത്രങ്ങൾ തുരുതുരു പ്രവഹിക്കുകയായിരുന്നില്ലേ, മട്ടുപ്പാവിൽ നിന്നും, ആകാശചാരികൾ പോലും വിസ്മയിച്ചില്ലേ അബലസ്ത്രീകളോട്ട് അലംഭാവം അശേഷം ഇല്ലാത്ത കൗരവരുടെ സ്ത്രീപരിഗണനയിൽ?”

“സാധാരണ കാണാത്ത സന്ദർശനമാണല്ലോ. അർജ്ജുനൻ ഇന്ന് സന്യസ്തമഠത്തിൽ! എന്തായിരുന്നു രഹസ്യലക്ഷ്യം?”, കൊട്ടാരം ലേഖിക സന്യസ്ത സംഘടനയുടെ കാര്യദർശിയോട്ട് അതീവരഹസ്യഭാവത്തിൽ ചോദിച്ചു. പാണ്ഡവ വനവാസക്കാലം.

“എനിക്ക് വിശക്കുന്നു, അക്ഷയപാത്രം പാഞ്ചാലി ഒളിപ്പിച്ചുവച്ചു! ഇവിടെ വല്ലതുമുണ്ടോ വിശപ്പടക്കാൻ? ലോകം ചുട്ടെരിക്കാവുന്നത്ര ദിവ്യാസ്ത്രങ്ങളുടെ രഹസ്യവാക്കുകൾ മന്ത്രിച്ചു ഞാൻ ഹൃദിസ്ഥമാക്കിയിട്ടും, ഒരുനേരത്തെ അന്നം, ഉൾക്കാട്ടിൽ വേട്ടയാടി തിന്നാൻ പറ്റിയ ആയുധം ഇല്ലാത്ത ഹതഭാഗ്യനാണ് ഞാൻ എന്നർത്ഥം വരുന്ന കഠിനപദങ്ങൾ വിലാപസ്വരത്തിൽ ഉച്ചരിച്ചു. ഭയന്നു വിറച്ച ഞങ്ങൾ ഊട്ടുപുര വാതിൽ മലർക്കെ തുറന്നു കൊടുത്തു”. വിറയൽ വിട്ടൊഴിയാതെ, സന്യസ്തർ, ആശ്രമപൂങ്കാവനത്തിൽ വൃഥാ ചലിച്ചുകൊണ്ടിരുന്നു. പാണ്ഡവ ആശ്രമത്തിലെ കിടപ്പറജാലകത്തിലൂടെ രണ്ടു കരിനീലക്കണ്ണുകൾ ശിരോവസ്ത്രങ്ങൾക്കിടയിലൂടെ തിളങ്ങുന്നത് കണ്ടപ്പോൾ കൊട്ടാരം ലേഖിക അന്നത്തെ അഭിമുഖം അവസാനിപ്പിച്ചു.

◇ 2025/01/17 ◇

“പൂവണിയാത്ത മോഹം വല്ലതുമുണ്ടോ, പിടിവിട്ടുപോവുന്ന ഈ കരളിൽ?”, തളർന്നുവീണ പാഞ്ചാലിയെ കൈകളിൽ താങ്ങിക്കിടത്തി, കൊട്ടാരം ലേഖിക നഷ്ടബോധത്തോടെ ചോദിച്ചു. നേർത്ത വിലാപം പോലെ മലങ്കാറ്റു വീശിയ വിജനതാഴ്വര, സന്ധ്യ. പാണ്ഡവർ നടന്ന വഴിത്താര ദൂരെ ഇരുട്ടിൽ മറഞ്ഞു.

“മൂപ്പിളമ ക്രമപ്രശ്നം ഉന്നയിച്ചു, മാദ്രിമക്കളോടു എന്റെ കാമനയെ തടഞ്ഞുനിർത്തിയ യുധിഷ്ഠിരന്റെ മരണമായിരുന്നു പ്രകൃതി ആദ്യം നിശ്ചയിക്കേണ്ടിയിരുന്നത്. കുന്തിയുടെ മൂന്നു മക്കളാൽ ബഹുഭർതൃത്വ ദാമ്പത്യത്തിലെന്നും പാർശ്വവൽക്കരിക്കപ്പെട്ട നകുലനും സഹദേവനും അവരർഹിക്കുന്ന രതിലാളന വാരിക്കോരി കൊടുക്കാൻ ഇനിയും ലഭിക്കുമോ എനിക്കൊരു ജന്മം കൂടി?”

◇ 2025/01/18 ◇

“അവസാനം, ചെങ്കോൽ കൈമാറാൻ മഹാരാജാവ് യുധിഷ്ഠിരൻ നിർബന്ധിതനായി!?”, കൊട്ടാരം ലേഖിക ചോദിച്ചു, ഒരേ ഒരു കിരീടാവകാശിയല്ലേ പരീക്ഷിത്ത്? പിന്നെന്താ തടസ്സം?”

“യുധിഷ്ഠിരന്റെ ആദ്യഭാര്യ കൊട്ടാരത്തിൽ പ്രത്യക്ഷപ്പെട്ട അന്നുതുടങ്ങി, പാഞ്ചാലിയുടെ പരാക്രമം. ഉപേക്ഷിക്കപ്പെട്ടിരുന്ന യുധിഷ്ഠിരഭാര്യ നാട്ടിൽ പോയി ദശാബ്ദങ്ങൾക്കുശേഷം മുതിർന്ന മകനെക്കൂട്ടി തിരിച്ചു വന്നത് യാചിക്കാനല്ല, യുധിഷ്ഠിരനെ സിംഹാസനത്തിൽ നിന്ന് പിടിച്ചു മാറ്റാനായിരുന്നു. ആലോചിക്കാൻ സമയം വേണമെന്ന് പറഞ്ഞു യുധിഷ്ഠിരൻ (മുൻ) ഭാര്യയെയും ‘മക’നെയും അതിഥിമന്ദിരത്തിൽ പാർപ്പിച്ചു. പരീക്ഷിത്തിന്റെ അമ്മയും, അഭിമന്യുവിധവയുമായ ഉത്തര, വാടകക്കൊലയാളിയെ അതിഥിമന്ദിരത്തിലേക്കയച്ചപ്പോൾ, സ്വാഭാവികമായി സംഭവിക്കാവുന്നത് സംഭവിച്ചു. കൊലചെയ്യിച്ചത് അർജ്ജുനനും പാഞ്ചാലിയും ആണെന്ന ബോധ്യത്തിൽ, യുധിഷ്ഠിരൻ, ശവസംസ്കാരം കഴിഞ്ഞ ഉടൻ, പരീക്ഷിത്തിന്റെ പട്ടാഭിഷേകതീയതി പ്രഖ്യാപിച്ചു. സംഭവിക്കേണ്ടതൊക്കെ ‘സമാധാനപര’മായി സംഭവിച്ചു എന്നതാണ് കുരുവംശഗാഥയുടെ കമനീയത!”

“അധികാരത്തിന്റെ അകത്തളങ്ങളിലെ അരമനവിഴുപ്പ് തേടുന്നവരല്ലേ നിങ്ങൾ? മഹാരാജാവ് യുധിഷ്ഠിരന് സുരക്ഷാഭടന്മാരൊന്നുമില്ലേ?”, അരമനത്തിണ്ണ നിരങ്ങുന്ന കൊട്ടാരം ലേഖികയോട് ചാർവാകൻ ചോദിച്ചു.

“ഉറക്കമുണർന്നാൽ ‘തിരുമനസ്സ്” പകച്ചു ചുറ്റുംനോക്കുന്ന, നെഞ്ചിൽ അജ്ഞാതശത്രുവിന്റെ ഒളിയമ്പ് തറക്കുമോ എന്ന ഉൾഭീതിയിലാണെന്ന പറയുന്നത്, ‘തിണ്ണനിരങ്ങുന്ന’ ഞങ്ങളല്ല, കൂടെകിടന്ന രാപ്പനിയറിയുന്ന പാഞ്ചാലിയാണ്. കൊട്ടാരസമുച്ചയം മുഴുവൻ, കുരുക്ഷേത്രയിൽ കൊല ചെയ്യപ്പെട്ട കൗരവരുടെ കരിമ്പ്രേതങ്ങൾ പ്രതികാരബുദ്ധിയോടെ പാവം ‘ധർമ്മപുത്ര’രെ മാത്രം രാപ്പകൽ വേട്ടയാടുന്നതിലാണ് മറ്റു പാണ്ഡവർക്കു വിസ്മയം. നിങ്ങൾക്കറിയാമോ, ഓരോ കൊലക്കു ശേഷവും, ഭീമൻ പാളയത്തിൽ വന്നു പാഞ്ചാലിയുടെ മേൽനോട്ടത്തിൽ കൈകൾ ആവർത്തിച്ചു കഴുകിയെടുക്കുന്ന പതിവ് തെറ്റിക്കാത്തതിന് ഇപ്പോൾ ഫലം കാണുന്നില്ലേ? പേടിസ്വപ്നമില്ലാതെ കൂർക്കം വലിച്ചുറങ്ങുന്ന ആട്ടു കട്ടിലിൽ ഭീമൻ, പക്ഷേ, സത്യവചനത്തിന്റെ മൊത്തവ്യാപാരിയായ യുധിഷ്ഠിരൻ? കൈകൾ തിരുവസ്ത്രങ്ങൾക്കുള്ളിൽ സൂക്ഷിച്ചുവച്ചിട്ടും ചത്തുപോയവരുടെ ദുഷ്ടാത്മാക്കൾ യുധിഷ്ഠിരനെ മാത്രം വിറപ്പിക്കുന്നു. പട്ടാഭിഷേകം അക്ഷമയിൽ കാത്തിരുന്ന് മടുത്ത കിരീടാവകാശിപരീക്ഷിത്ത് ഏറ്റെടുത്ത പാണ്ഡവവിരുദ്ധ വിമത നീക്കത്തിന്റെ മേൽപ്പാടമാത്രമാണ് ഈ ‘പ്രേതബാധ’യെന്നും, രാത്രി നാടകങ്ങൾ യുധിഷ്ഠിരൻ സ്ഥാനമൊഴിയുംവരെ പ്രതീക്ഷിക്കാമെന്നും അകത്തളങ്ങളിലെ ‘അഭിജ്ഞവൃത്ത’ങ്ങളിൽ സൂചനയുണ്ട്. നിങ്ങൾ യുക്തിവാദവുമായി ലോകംചുറ്റുക, വാർത്താ നിർമ്മിതിക്കായി ഓലയും നാരായവുമായി ഞങ്ങൾ തയ്യാർ!”

“പേടിയുണ്ടോ ഭീമന്റെ പ്രതികാര പ്രതിജ്ഞ നേരിടാൻ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പെൺപീഡകന്റെ ഇടനെഞ്ചുകീറി, ചുടുചോരയൂറ്റിവേണം പ്രിയതമയുടെ കേശപരിലാളനം എന്നവൻ കൊല വിളിക്കുന്നല്ലോ” മലർന്നും കമഴ്ന്നും നീരൊഴുക്കിൽ നീന്തിതുടിക്കയായിരുന്ന, വസ്ത്രാക്ഷേപ ദുശ്ശാസനൻ.

“പൊതുജനസമ്പർക്കത്തിൽ ദുര്യോധനനുള്ള ആശയ വിനിമയ മികവെനിക്കില്ലെങ്കിലും നീതിപീഠത്തിൽ കുറ്റവാളിയല്ലെന്ന തെളിയിച്ചു. പച്ചമണ്ണിൽ പ്രവർത്തിക്കുന്ന എനിക്ക് മമത കാൽക്കീഴിൽ നഗ്നയായി കിടക്കുന്ന ഭൂമിദേവിയോടാണ്, ചക്രവർത്തിനി പാഞ്ചാലിയോടല്ല. കിളച്ചുമറിച്ചിട്ടും ഭൂമിദേവിക്കെന്നോട് അശേഷം രോഷമില്ല വിതച്ചു കൊയ്തിട്ടും പ്രകൃതീദേവിക്കെന്നോട് രോഷമില്ല. വിത്തുമുളച്ച ഇലച്ചാർത്തു തെളിയുമ്പോൾ മണ്ണിൽ മുട്ടുകുത്തി ക്ഷപ്പകൈ കൊടുക്കുന്നതാണെന്റെ ഭൂമിപൂജ, എന്റെ ആനന്ദഭൈരവി, അഴിഞ്ഞു കിടക്കുന്ന പെൺമുടിയല്ല സസ്യലോകമാണ്. പാഞ്ചാലി എനിക്കമ്മയാകുന്നു ഉടുതുണി കെട്ടഴിയുമ്പൊൾ, എന്റെ നഖരഹിത വിരലുകൾ കെട്ടു മുറുക്കാനായിരുന്നു ശ്രമിച്ചത്. ഇതേ വിരലുകൾമതി, അക്രമിഭീമനെ ചെറുക്കാൻ”! പെട്ടെന്നവിടെ, ദേഹമാകെ തൈലം പുരട്ടിവന്ന വിവസ്ത്രഭീമൻ, ദുശ്ശാസനശബ്ദം കേട്ട് ഞെട്ടി, മുന്നോട്ട് വച്ച കാൽ ഉടൻ പിന്നോട്ടെടുക്കുന്നതു കൊട്ടാര ലേഖിക ശ്രദ്ധിച്ചു.

“ഇന്ന് രാജസഭയിൽ അവതരിപ്പിക്കുന്നത് നിർദ്ധിഷ്ട ചൂതാട്ടനിരോധന നിയമമാണല്ലോ. ഈ തെറ്റതിരുത്തൽ നിയമത്തിലൂടെ യുധിഷ്ഠിരന് വിവേകപൂർണ്ണമായ തിരിച്ചറിവുണ്ടായെന്ന ചൂതാട്ടത്തിന്റെ വനവാസ കഥനകഥ എല്ലാം അറിയുന്ന നിങ്ങൾക്ക് തോന്നുന്നുണ്ടോ?”, കൊട്ടാരം ലേഖിക കൂപാചാര്യനോട് ചോദിച്ചു. കിരീടാവകാശി പരീക്ഷിത്തിന് ആദ്യാക്ഷരം പറഞ്ഞു കൊടുക്കാൻ പാടുപെടുകയായിരുന്ന ആ ചിരഞ്ജീവി.

“അതിനുമുമ്പ് മഹാരാജാവ് തീർപ്പാക്കേണ്ടിയിരുന്നത്, വിവാഹ ബാഹ്യബന്ധങ്ങൾ മുൻകാല പ്രാബല്യത്തോടെ നവപാണ്ഡവ ഭരണകൂടം നിയമവിധേയമാക്കണം എന്ന കുന്തിയുടെ നിർദ്ദേശമല്ലേ? ചാർവാകൻ തരം കാത്തിരിക്കയാണല്ലോ “കൗന്തേയരുടെ പാണ്ഡുപിതൃത്വം കുന്തികെട്ടിച്ചമച്ച ഒരു കഥ മാത്രം” എന്ന് തെരുവിൽ ആളെക്കൂട്ടി കൊട്ടിഘോഷിക്കാൻ. ആരോപണത്തിന് കരുത്തുപകരാൻ കൗരവരാജവിധവകൾ നൂറുകണക്കിന് ‘കരിനാവു’കൾ തെരുവിൽ ഇറക്കുമെന്നാണ് കേട്ടത്. കുന്തിയുടെ വാക്കല്ലാതെ പാണ്ഡവപിതൃത്വം ഔദ്യോഗികമാക്കാൻ, ആധികാരികതയുള്ള രേഖയൊന്നുമില്ല. പാണ്ഡു, മരണ പത്രമെഴുതി അഞ്ചുകൗന്തേയരിൽ രാജപദവിയുടെ ഒസ്യത്തൊന്നും അയൽപക്ക സന്യസ്ഥരുടെ സാക്ഷിസാന്നിധ്യത്തിൽ ഒപ്പിട്ടുമില്ല. യുധിഷ്ഠിരനുമായി വീണ്ടുമൊരു ചൂതാട്ടത്തിനു ഇനി ആരും വന്നില്ലെങ്കിലും, “അനധികൃത മഹാരാജാവ്” എന്നാക്ഷേപിച്ചു താഴെയിറക്കാൻ ശകുനിയേക്കാൾ കുഴപ്പക്കാരനായ ചാർവാകൻ എന്ന ഏകാംഗപ്രതിപക്ഷം മതി. പൊള്ളുന്ന സമകാലീന യാഥാർഥ്യം അവഗണിക്കരുതേ!”

“ദേശരത്നപുരസ്കാരത്തിനു യുധിഷ്ഠിരനെ ‘പരമയോഗ്യ’നാക്കിയ സവിശേഷ സാഹചര്യമെന്തായിരുന്നു?”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു. പാണ്ഡവ ഭരണകാലം.

“വടക്കുപടിഞ്ഞാറ് ഗാന്ധാരം മുതൽ ദക്ഷിണാപഥം വരെ, പടിഞ്ഞാറൻ കടലോര ദ്വാരക മുതൽ കിഴക്കൻ കലിംഗ വരെ, വിവിധ രാജ്യങ്ങളിലെ യുവസൈനികരെ പൂർണ്ണമായും പതിനെട്ടുനാൾ കൊണ്ട് കുരുക്ഷേത്രയിൽ നിന്നും തുടച്ചുനീക്കി, ശാശ്വതശാന്തിദൂതിന്റെ കാഹളം മുഴക്കിയ മഹാരാജാവ് യുധിഷ്ഠിരനെ പിന്നെ എന്തു ‘ഉണക്കപ്പുൽ പാരിതോഷികം’ കൊടുത്തുവേണം ആദരിക്കാൻ? ഭർത്താക്കന്മാർ മരിച്ച മാസവരുമാനം നിലച്ച കുരുക്ഷേത്രവിധവകൾ കുടുംബംപോറ്റാൻ ഈ നാടുകളിൽ പുതിയ ഇനം സേവനദാതാക്കളായി സമൂഹത്തിലേക്കിറങ്ങിവന്നില്ലേ? ഒരുപണത്തുക്കം യുദ്ധഭീഷണിപോലും നേരിടാത്ത ‘വത്സലഭൂമിദേവി’യെ ആണ് ജ്വാലാമുഖിയെ പ്രതിഷ്ഠിച്ച കുരുവംശ പൈതൃകത്തിൽനിന്നും വ്യത്യസ്തമായി, പാണ്ഡവ വംശം ‘ദേശദേവത’യായി അവതരിപ്പിക്കുക. യുദ്ധരഹിതഭൂമി സ്വപ്നം കാണുന്ന പാണ്ഡവർക്കിനി മാതൃകാ പണിയായുധം ഗദയോ കുന്തമോ അല്ല, മണ്ണിളക്കി! സമൃദ്ധ നദീതടങ്ങളാൽ അനുഗ്രഹീതമായ ഹസ്തിനപുരിയുടെ കണ്ണെത്താത്ത കൃഷിയിടത്തിൽ പൊന്നുവിളയിക്കുന്ന കർഷകരാവുകയാണ് പാണ്ഡവർ! എല്ലാവിധ മാരകായുധ പണിപ്പുരകളും അടച്ചുപൂട്ടുന്ന പുതുഹസ്തിനപുരി നിങ്ങളുടെ കർമ്മഭൂമി! ദേശരത്ന വിനീതമായ തുടക്കം മാത്രം. നിങ്ങളുടെ ധാർഷ്ട്യം നിറഞ്ഞ ചോദ്യം കേട്ടാൽ തോന്നും, ഞങ്ങൾ സഹോദരന്മാർ തട്ടിക്കൂട്ടിയെടുത്ത വ്യാജപുരസ്കാരം യുധിഷ്ഠിരന്റെ വലതുകയ്യിൽ നിന്നും ആരോരുമറിയാതെ ഇടതുകൈ വലിച്ചെടുത്തു!”

◇ 2025/01/19 ◇

“അഞ്ചുപേർക്ക് നിത്യവും ആതിഥ്യം വഹിക്കേണ്ടിവരുന്ന പൊതുവിരുന്നുമുറി ആയല്ലോ പാഞ്ചാലിയുടെ കിടപ്പറ!”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു, “അല്ല, എന്തിനു വേണ്ടിയാണിവർ ഇങ്ങനെ പരസ്പരം പോരടിക്കുന്നതു?”, നവവധുവുമൊത്തു പാഞ്ചാലി ഹസ്തിനപുരിയിൽ താമസിക്കുന്ന ഇടവേള.

“എന്തിനുവേണ്ടിയാണെന്നോ!, അവളുടെ സ്വേച്ഛാധികാരം തിമിർക്കുന്ന ബഹുഭർതൃത്വ ദാമ്പത്യത്തിലെ സജീവ പങ്കാളികൾ, അല്ലാതാര്? രതി യാചിക്കാനല്ല പാണ്ഡവർ ശ്രമിക്കുന്നതു, ലൈംഗികാവകാശ സംരക്ഷണത്തിനല്ലേ. അതോ ഹസ്തിനപുരി ഭരണഘടനയിൽ രതി ഒരു വൈവാഹികജീവിത അവകാശം എന്ന് കുടുംബ നാഥ സത്യവതി എഴുതിച്ചേർത്തിട്ടില്ലേ? ഭർത്താക്കന്മാർ എന്ന നിലയിൽ പാണ്ഡവർക്ക് പാഞ്ചാലിയുടെമേൽ ലൈംഗികാധിപത്യമുണ്ട് എന്ന വസ്തുത അംഗീകരിച്ചാൽ, അഞ്ചു ഭർത്താക്കന്മാർക്ക് രതി ചെയ്യാൻ അവൾക്കു കരാർ ബാധ്യതയുമുണ്ട്. നാലോളം പരപുരുഷന്മാരെ പിന്തുടർന്ന് പ്രലോഭിപ്പിച്ചു വേണ്ടി വന്നല്ലോ എനിക്കത്രയും മക്കളുണ്ടാവാൻ. ആകാശചാരികൾ എന്ന വ്യാജമേൽ വിലാസം തന്നു അവർ കബളിപ്പിച്ചു. മാത്രമോ, ഞാൻ സേവനം അവരിൽനിന്നു പായിൽ യാചിച്ചു വാങ്ങേണ്ടി വന്നു. മേലനങ്ങാതെ മലർന്നുകിടന്ന് കൈകൾ തലക്കു പിന്നിൽ കെട്ടി ശരീരം എനിക്കുവിട്ടുതരും, പരിമിത സമയത്തിനുള്ളിൽ അവരുടെ സാദാ മനുഷ്യഉടലിൽ, ലൈംഗിക ഊർജ്ജപ്രവാഹം ഉണർത്താൻ. ദുർമ്മന്ത്രവാദവും വേണ്ടി വരുമെന്നു ഞാൻ ഭയന്നു പോയ ദിനങ്ങൾ. അതൊക്കെ നോക്കുമ്പോൾ പാഞ്ചാലി എത്ര ധന്യ!”

“കുടുംബസ്വത്തിൽ ഓഹരി കിട്ടാൻ വേണ്ടിയല്ലേ ഭീമൻ, കുരുതിച്ചോര കുരുക്ഷേത്രത്തിൽ ചിന്തിയതു? അക്കാലത്തു അങ്ങനെ ന്യായീകരിച്ച നിങ്ങൾക്ക്, ഇപ്പോൾ ഖേദം തോന്നിത്തുടങ്ങിയോ?”, ധർമപുത്രർ എന്ന് പാഞ്ചാലി നിന്ദയോടെ വിളിക്കുന്ന, പുതിയ ഹസ്തിനപുരി രാജാവിനെ കൊട്ടാരം ലേഖിക ഉപചാരപൂർവ്വം അഭിവാദ്യം ചെയ്തു മുട്ടുകുത്തി.

“കാര്യമറിയാതെ അല്ലെ നിങ്ങൾ, പാഞ്ചാലിയെ പോലെ മ്ലേച്ചമായി എന്നോട്ട് സംസാരിക്കുന്നതു. പ്രിയ കൌരവർക്കു യുദ്ധഭൂമിയിൽ ജീവഹാനി സംഭവിച്ചു എന്ന് നിങ്ങൾ യുക്തിയില്ലാതെ വേവലാതിപ്പെടുന്നല്ലോ. വാസ്തവമതാണോ? മൂലഘടകങ്ങളുടെ നിശ്ചിതരൂപത്തിലുള്ള സംയോജനം തകരുന്നതിനെയല്ലേ ‘മരണം’ എന്ന മാരകമായ അർത്ഥത്തിൽ ആണെങ്കിൽ പോലും, ‘ചോരചീന്തൽ’ എന്ന കുത്തവാക്കുപയോഗിച്ചതു? കൌരവ ജനിതകഘടകങ്ങൾ, പാണ്ഡവരുടെ ഔദ്യോഗിക പിൻഗാമി പരീക്ഷിത്തിലൂടെ, മറ്റൊരുതോതിൽ, കുരുക്ഷേത്രയുടെ അവസാനദിവസം തന്നെ പ്രകൃതി സംയോജിച്ചില്ലേ?, ധർമ്മപുത്രരുടെ ശബ്ദത്തിൽ മുറിവേറ്റ ദുരഭിമാനം പ്രകടമായപ്പോൾ കൊട്ടാരം ലേഖിക ഉപചാരഭാഷ ഉപേക്ഷിച്ചു എഴുനേറ്റു പോയി.”

“ഏകചക്ര ഗ്രാമത്തിൽ ഒളിച്ചു കഴിയുമ്പോൾ, ഒരുനേരം സദ്യ പ്രതീക്ഷിച്ചു വന്നവർക്ക് അന്നരാത്രി പായക്കുട്ടിനു കിട്ടി പാഞ്ചാലപുത്രിയെ! പിടികിട്ടാപ്പുള്ളി പാണ്ഡവരിൽ ഒരാൾ കഴുത്തിൽ വിവാഹമാല അണിയുമ്പോൾ അറിവുണ്ടായിരുന്നോ, ഇവർ ആരാണെന്ന്? നിങ്ങളുടെ മുഖത്തു കണ്ടതു വില്ലാളിവീരനെ സ്വയംവര മത്സരത്തിൽ സ്വന്തമാക്കിയവളുടെ ചാരിതാർഥ്യമായിരുന്നില്ല”, അതിഥിമന്ദിരത്തിൽ പാർക്കുന്ന പാണ്ഡവരെ ചെന്നുകണ്ട കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവർ ധൃതരാഷ്ട്രരെ കാണാൻ പോയ നേരം.

“ഉള്ളുതുറന്ന് സംസാരിക്കാൻപറ്റിയ ഗാർഹിക സാഹചര്യമാണോ, കുന്തിയും പാണ്ഡവരും ഉൾപ്പെടുന്ന ‘യാചക സംഘം’ അന്നും ഇന്നും ഒരു നവവധുവിൽ സൃഷ്ടിക്കുക? കുന്തിയുടെ വിവാഹപൂർവ്വ ലൈംഗിക ബന്ധവും അവിഹിതസന്തതിയെ പുഴയിൽ ഒഴുക്കിയതുമൊക്കെ കുരുവംശ വിഴുപ്പുകഥകളുടെ അക്ഷയഖനിയായ നകുലനിൽ നിന്നു യാത്രയ്ക്കിടയിലെ ഇടവേളയിൽ കേട്ടറിഞ്ഞപ്പോൾ, വ്യക്തമായി, ഭർത്താക്കന്മാർ അഞ്ചു പേർക്കും ചുരന്ന ചുരന്നറിയാനുള്ളതു സത്യവതി കുന്തി എന്നിവരെ പോലെ “ഞങ്ങളുടെ വധു പാഞ്ചാലിക്കുമുണ്ടോ വിവാഹബാഹ്യസന്തതി” എന്നറിയാനുള്ള ത്വര? അതോടെ ഞാൻ അവർക്കുമുമ്പിൽ ഒഴിഞ്ഞു മാറുന്നതിന്റെ ആദ്യഘട്ടമായി ‘പ്രതിരോധച്ചട്ട’യണിഞ്ഞു. മധുവിധു അന്ധകാരത്തിലുമായി.”

“കുടില കൗരവരാൽ ചൂതുകളിയിൽ കബളിപ്പിക്കപ്പെട്ട പാണ്ഡവവർക്ക് നഷ്ടസൗഭാഗ്യങ്ങൾ തിരിച്ചുകൊടുക്കുക, കള്ളച്ചൂതിന്റെ ഉപജ്ഞാതാക്കൾ തെറ്റുതിരുത്തുക— ഇതൊക്കെയല്ലേ ഹസ്തിനപുരിയുടെ കറകളഞ്ഞ നീതിപീഠത്തിൽ നിന്ന് ന്യായമായി പൊതുസമൂഹം പ്രതീക്ഷിക്കുക? എന്നിട്ടും, അറിയപ്പെടുന്ന നീതിമാനായ നിങ്ങൾ, നിർണ്ണായക മുഹൂർത്തത്തിൽ മനഃപൂർവ്വം കണ്ണടച്ചുവോ?”, കൊട്ടാരം ലേഖിക പിതാമഹനോട് ചോദിച്ചു. കുരുക്ഷേത്ര.

“സ്വച്ഛന്ദമൃത്യു കഥാവശേഷനായി എന്നാണോ ‘ഹസ്തിനപുരി പത്രിക’യിൽ എന്റെ ചരമവാർത്ത വരേണ്ടതു? അതോ “അർദ്ധരാത്രിയിൽ ശരശയ്യയിലെ അപമൃത്യു— അന്വേഷണം വഴിമുട്ടി, ദുരൂഹത തുടരുന്നു” എന്നോ?”

◇ 2025/01/20 ◇

“ഭാര്യയെ പണയം വച്ച് തോറ്റപ്പോൾ പൗരാവകാശം നഷ്ടപ്പെട്ട നിങ്ങൾക്ക് അതേ ചൂതാട്ടസഭയിൽ ഹസ്തിനപുരി രാജാവായി സ്ഥാനാരോഹണം. എങ്ങനെ പ്രത്യാശയോടെ കാണുന്നു ഭാവി?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“കൗരവഭരണത്തിൽ പാണ്ഡവരെകുറിച്ചുള്ള ഔദ്യോഗിക രേഖകൾ അടിച്ചുവാരി കളഞ്ഞു ഇടംതുടച്ചു വൃത്തിയാക്കി ധർമ്മപുത്രർ എന്നു മാത്രം എന്നെ അഭിമാനത്തോടെ പരാമർശിക്കാൻ ഭാവിതലമുറക്ക് അവസരം കൊടുക്കണം.”

“പാണ്ഡവർ വനവാസത്തിന് പോയ ഉടൻ അരമനവാതിൽ അടച്ചല്ലോ, എന്താ കാര്യം?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവരാജകുമാരികൾക്ക് തേനീച്ച കുത്തേറ്റ. സ്രോതസ്സ് കണ്ടെത്താൻ എടുത്ത ശ്രമങ്ങളിൽ ഫലം കണ്ടുതുടങ്ങി എങ്കിലും ജാഗ്രത തുടരും പാണ്ഡവരുടെ ചില ദ്വാരകബന്ധുക്കൾ ഞങ്ങളെ ഒന്നു ഭയപ്പെടുത്താൻ ചെയ്തതെന്ന സംശയം ബലപ്പെടുന്നുണ്ട്. ഇന്ദ്രപ്രസ്ഥം ഞങ്ങൾ നേടിയെടുത്തത്തിൽ ചൂതാട്ടം തുണച്ച രീതി പലരെയും പരിഭ്രമിപ്പിച്ചു എന്നുവ്യക്തം. അരമന അവധിയിൽ പ്രവേശിച്ചു എന്ന് കരുതിയാൽ മതി. അതിർത്തി പ്രശ്നം ഒന്നും ഇല്ല, ക്രമസമാധാനം ഭദ്രം. ചോരവാഴ്ച ഇല്ലാതെ ശത്രുരാജ്യം കീഴടക്കിയ ആഹ്ലാദത്തിൽ ആണല്ലോ കൗരവർ. നിങ്ങളും നാട്ടിൽ പോയി പൂർവ്വികർക്കൊപ്പം ചെലവഴിക്കു. ഇനി വൈകിയാൽ കുത്തക തേനീച്ച ആവില്ല, ക്രൂരമായിരിക്കും.”

“അതിർത്തിഗ്രാമങ്ങളിൽ ചുറ്റി നടന്നു ഹസ്തിനപുരിയിൽ ഇന്നലെ മടങ്ങി എത്തി. എവിടെച്ചെന്നാലും കാണുക കർഷകർ കരുവംശത്തിനെതിരെ! പാടുപെട്ട് വിത്തിറക്കിയ കൃഷിയിടങ്ങളിൽ കാട്ടുമൃഗങ്ങൾ ചെയ്യുന്ന നാശം അവരെ വശംകെടുത്തുന്നു. ഇരുനദികൾക്കിടയിൽ നാൾ കഴിക്കയാണോ ഹസ്തിനപുരിയിൽ, പാണ്ഡവനിന്ദയുമായി നിങ്ങൾ?” കിരീടാവകാശിയുടെ കാര്യാലയ ചുമതല വഹിക്കുന്ന യുവ സൈനികനോട് കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവ വ്യാഴവട്ടക്കാല വനവാസം.

“പാണ്ഡവർ വനവാസത്തിനുപോയ ശേഷമാണ് ഈ പ്രതിഭാസമെന്നത് എന്തോ ദുസ്സൂചന നൽകുന്നില്ലേ. ഒരു ദശാബ്ദം മുമ്പ് തന്നെ പറഞ്ഞു കേട്ടതാണ്, പാണ്ഡവർ കുടിയേറ്റക്കാരായി ഖാണ്ഡവ വനത്തിൽ പോയപ്പോൾ വന്യമൃഗങ്ങളുടെ സംഘടിതആക്രമണം ഹസ്തിനപുരിയിൽ. കൗന്തേയരിൽ സന്തുലിത ആവാസവ്യവസ്ഥയെ അലങ്കോലപ്പെടുത്തുന്ന വിഷബീജങ്ങൾ വളരുന്നുണ്ട് എന്ന കൃപാചാര്യരുടെ നിഗമനം ഭരണകൂടം പിന്തുണക്കുന്നു എന്നതു കൊണ്ടു മാത്രം തീരുന്നില്ല പ്രശ്നം. പാണ്ഡവർക്ക് മൃഗമാംസാഹാരം വേണം, ദുര്യോധനൻ പാഞ്ചാലിക്ക് സമ്മാനിച്ച അക്ഷയ പാത്രത്തിൽ, മൂന്നുനേരം പാണ്ഡവർ വാരിത്തിന്നുന്ന സസ്യാഹാരം മതിയാവില്ല മാംസദാഹം. ഭീതിയിൽ വനത്തിൽനിന്നും പുറത്തുചാടുകയാണ് മൃഗങ്ങൾ. നഗരത്തിൽ ഇനിയിറങ്ങുക കടുവയും കാട്ടാനയും ആവുമെന്നും കേട്ടു. രാജ്യത്തിന്റെ കാർഷികസുസ്ഥിരതയെ പ്രതികൂലമായി ബാധിക്കാവുന്ന മാംസപ്രിയ പാണ്ഡവരെ നല്ലകൃഷിപാഠം പഠിപ്പിക്കാനാവുമോ? നോക്കട്ടെ ഞങ്ങൾ കൗരവയുവനേതൃത്വം!”

◇ 2025/01/21 ◇

“ഹസ്തിനപുരികർഷകരുടെ തീൻശാലയിൽനിന്നും അവ
രറിയാതെ രുചിഭക്ഷണം ചോർത്തി, അക്ഷയപാത്രത്തി
ലാക്കുന്ന ‘നവസാങ്കേതിക’വിദ്യ, അടിമപാണ്ഡവർക്ക്
ഉടയോൻ ദുര്യോധനൻ പാരിതോഷികമായി സമ്മാനി
ക്കാമെങ്കിൽ, ഒരേസമയം ഉണ്ണാൻ ആറു പാത്രങ്ങൾകൂടി
കൊടുത്തു ആശ്രമഊട്ടുപുര സ്വയംപര്യാപ്തമാക്കാമായി
രുന്നില്ലേ?”. വനവാസക്കാലം. കാട്ടുകുടിലിൽ, കിടപ്പറ
ജാലകത്തിലൂടെ കാണാവുന്ന ഊട്ടുപുരയുടെ പരുക്കൻ
തറയിൽ, ചുറ്റും കൂടിയിരുന്ന, കയ്യിട്ടുവാരി വാനിറക്കുന്ന
പാണ്ഡവരെ നോക്കി കൊട്ടാരം ലേഖിക ചോദിച്ചു.

“വലുതും ചെറുതുമായി കൗരവർ കൊടുത്തയച്ച പാത്ര
ങ്ങൾ പാണ്ഡവർ ഉപയോഗിക്കാറില്ല. അളന്നുമുറിച്ച
ഓരോ പാത്രത്തിലും ഞാൻ വിളമ്പുന്ന ഭക്ഷണമല്ല
അവർ നോട്ടമിടുന്നത്. എത്രയെത്ര ഹസ്തിനപുരി കല
വറകൾ അതുവഴി ചോർന്നു ശ്രദ്ധമായാലും, കൗന്തേയർ
ക്കു, മുന്നിലിരിക്കുന്ന അക്ഷയപാത്രം നിറഞ്ഞിരിക്കണം!
ഉണ്ടെണീക്കുമ്പോൾ ഇച്ചിൽപാത്രം അവനവൻ കഴുക
ണമെന്ന എന്റെ കർശനനിർദേശവും അവരുടെ കര
ളിൽ തറച്ചു. ഇനിയിപ്പോൾ അഞ്ചുപേരും ഊണു കഴി
ഞ്ഞെഴുന്നേറ്റാൽ, പാത്രം കഴുകുന്നതിനുമുണ്ട്, രാത്രിയിൽ
കിടപ്പറയിലെന്നപോലെ, അവരഞ്ചു പേർക്കും തീൻശാ
ലയിൽ ഊഴം.”

“ഇന്നെന്താണ് പുനരധിവാസത്തിൽ പാട്ടും നൃത്തവും?”,
കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവ
ഭരണകാലം.

“ഭീമൻ നിർദേശിച്ചു, കുടി ഒഴിപ്പിക്കപ്പെട്ട് പുനരധിവാസ
കേന്ദ്രം ആവാസമാക്കിയ രാജകുമാരികളെ അവരുടെ ഭൂ
മികയിൽ ചെന്നു കണ്ട് അടുത്തറിയാൻ ഒരു പ്രത്യേകദി
വസം വേണം. അവർ ഇടഞ്ഞാൽ പാണ്ഡവപ്രതിച്ഛായ
മങ്ങും എന്ന് മറ്റുപാണ്ഡവരും തലയാട്ടി. നിരീക്ഷിക്കാം
എന്നാൽ നിലവിട്ടുള്ള ഇഴയടുപ്പം വേണ്ട എന്ന താക്കീ
തോടെ വിട്ടു. എത്രനാൾ ആണുങ്ങളെ കെട്ടിയിടും. ഇട
ക്കൊന്നു ഇതുപോലെ കയറൂരിവിടും, തിരിച്ചു വരുമ്പോൾ
കുറ്റബോധം ഉയർത്തി പലതും ചെയ്തെടുക്കാം എന്നാ
ണ് സമാധാനം” കൂടുതൽ ചോദിക്കാൻ ആവാത്തവിധം
അന്തരീക്ഷം കുറുത്തു.

“രാജകുടുംബാംഗമായ ഈ സ്ത്രീപീഡകന് സമൂഹം ഇതു
വരെ പരിചയപ്പെടാത്തൊരു കരുണാർദ്രമുഖമുണ്ടെന്ന
അവകാശവാദത്തെ നേരനുഭവത്താൽ ബോധ്യപ്പെടു
ത്താമോ?”, ഭീഷ്മർ, കൗരവകുടുംബാംഗമായ ദുശ്ശളയോട്
ചോദിച്ചു. പാഞ്ചാലിവസ്ത്രാക്ഷേപം, വിചാരണ തുടരുന്ന
സംഘർഷ ദിനങ്ങൾ.

“വിവാഹം കഴിഞ്ഞു ഞാൻ ജയദ്രഥന്റെ സൈന്ധവദേ
ശത്തേക്കു താമസം മാറ്റിയെങ്കിലും, ഹസ്തിനപുരി ഇരട്ട
പൗരത്വം പ്രയോജനപ്പെടുത്തി വേനൽക്കാലത്തു ഇവി
ടെ വന്നു ഗംഗ യമുന ഇരുനദികളിലും മാറിമാറി കൗര
വരാജസ്ത്രീകൾക്കൊപ്പം നീന്തിക്കുളിക്കുക പതിവാണ്.
അങ്ങനെ കുളികഴിഞ്ഞു തിരിച്ചു, അന്തഃപുരസുരക്ഷ ചുമ
തലയുള്ള പ്രതിയുമൊത്തു അരമനയിലേക്കു നടക്കുകയാ
യിരുന്നു. ഉണക്കപ്പുല്ലുകൾക്കിടയിലൊരു വെള്ളമുയൽ,
ഭയന്ന് വിറച്ചിരിക്കുന്നതു ഞങ്ങൾ കണ്ടു. ജാഗ്രതയോടെ
രംഗം വിലയിരുത്തിയ പ്രതി, വിരൽ ആകാശത്തേക്ക്
ചൂണ്ടിയപ്പോൾ, ഞാൻ ശ്രദ്ധിച്ചു അതാ ഒരു കഴുകൻ ചുറ്റി
പ്പറക്കുന്നു, അതിവേഗം ഊളിയിട്ടിറങ്ങുന്നു, മുയലിനെ പി
ടിക്കാനാവാതെ മേലോട്ടുയരുന്നു. മുയൽ തിരിച്ചും മറിച്ചും
ഓടി ഒളിക്കാനൊരിടം തേടുന്നു. ഇതൊക്കെ ‘പ്രകൃതിയു
ടെ ലീല’ എന്നമട്ടിൽ ഞാൻ വല്ലായ്മയോടെ കാഴ്ച കൈ
വിടുമ്പോൾ, പ്രതി ചുറ്റും പരതി ഒരു കൂർത്ത കല്ലെടുത്തു
ആകാശത്തേക്കൊരു ഏറു. ഞാൻ ഞെട്ടിപ്പോയി, ഉന്നം
തെറ്റാതെ ഏറുകൊണ്ട കഴുകൻ ഞങ്ങൾക്കു മുമ്പിൽ ഭീ
കര ശബ്ദത്തിൽ വീണു. വെള്ളമുയലിന്റെ ദയനീയ സാ
ഹചര്യത്തിൽ, നമ്മളൊക്കെ പ്രകൃതിനാമത്തിൽ നിസ്സം
ഗരാവുമ്പോൾ, പ്രതിയോ? സാർഥകമായി കല്ലെറിഞ്ഞു
വീഴ്ത്തിയ ആ തെളിഞ്ഞ ഓർമ്മ, ഇന്നും, ഹസ്തിനപുരി വനി
താവകാശ സംരക്ഷണത്തിന്റെ ജീവിതാവബോധത്തെ
സ്വാധീനിക്കുന്ന സാഹസികസംഭവം!”

“ദുശ്ശളയുടെ നേരെ പ്രതി പുഞ്ചിരിക്കുന്നു”, കൊട്ടാര ലേ
ഖിക ശ്രദ്ധിച്ചു.

“ജാരസന്തതികളും, വിവാഹേതരരതിയും കുരുവംശപ്പെരു
മക്ക് എക്കാലവും അലങ്കാരമായിരുന്ന എന്ന് ഹസ്തിന
പുരി വാണിജ്യസമൂഹം കൗതുകത്തോടെ കാണുന്നുണ്ട്.
എന്നാൽ അവരെ ചിലപ്പോഴെങ്കിലും ചിന്താക്കുഴപ്പത്തി
ലാക്കുന്നതു, ദേവരുപികളായ അഞ്ചു ഭർത്താക്കന്മാർ ഒറ്റ
യടിക്ക് നിങ്ങൾക്കുണ്ടായിട്ടും, എന്തിനൊരു കറുത്തകാ
മുകൻ? അവിഹിതമായി അത്തരം ഒരഭിലഷവും വേണ്ടാ
യിരുന്ന എന്ന് തോന്നിയോ വല്ലപ്പോഴും?”, വനാന്തരത്തി
ലെ ആശ്രമമുറിയിൽ ശീതകാലസന്ധ്യയുടെ ഭീതിതമായ
മൂടുപടം മുഖമടച്ചു വീണപ്പോൾ പാഞ്ചാലിയുടെ കണ്ണുകൾ
തുളുമ്പുന്നതു കണ്ട കൊട്ടാരം ലേഖിക വിഷയം മാറ്റാൻ
പ്രകോപനപരമായി ചോദിച്ചു.

“എന്നെ പ്രീണിപ്പിക്കാനും അങ്ങനെ കീഴ്പ്പെടുത്താനും
രാവുപകൽ മുന്നൊരുക്കം ചെയ്യുന്ന നിസ്സാരന്മാരായ
പാണ്ഡവർ എവിടെ, അങ്ങകലെ കടലോരനഗരിയിൽ
എനിക്കായി ഒരു പ്രണയഗീതം സത്യഭാമപോലുമറിയാ
തെ, മന്ത്രിക്കുന്ന പ്രിയ ശ്യാമസുന്ദരൻ എവിടെ!”

◇ 2025/01/22 ◇

“പുത്രവിധവകളായ അംബികയും അംബാലികയുമൊത്തു സത്യവതി പടിയിറങ്ങുമ്പോൾ, ശന്തനുവിന് ശേഷം ‘കുരു വംശപൈതൃകം’ എന്ന് മേനിപറയാൻ, ‘നൈഷ്ഠിക ബ്രഹ്മചാരി’ ഭീഷ്മരൊഴികെ ആരുണ്ടിനി ഹസ്തിനപുരിയിൽ?” കൊട്ടാരം ലേഖിക ചാർവകനോട് ചോദിച്ചു.

“സത്യവതിയിൽ ശന്തനുവിനുണ്ടായ രണ്ടു ആൺമക്കളും നേരത്തെ മരിച്ചു, ഒരാൾ ശത്രുവിന്റെ ഇരയായി മറ്റെയാൾ അമിതഭോഗത്തിന്റെ. ആദ്യദർശനത്തിൽതന്നെയുവ സത്യവതിയിൽ ആവേശമുണർന്ന ഒരു വൃദ്ധമുനിക്ക് പിറന്ന രഹസ്യസന്തതി, കൃഷ്ണനും വിശുപിയുമായ വ്യാസൻ, വിചിത്ര വീര്യവിധവകളിൽ ചൊരിഞ്ഞ ബീജദാനത്തിൽ പിറന്ന രണ്ടു കീടജന്മങ്ങൾ അന്ധധൃതരാഷ്ട്രരും ഷണ്ഡപാണ്ഡുവും. അവരുടെതെന്നു പറയപ്പെടുന്ന നൂറ്റി അഞ്ചു മക്കൾ കൂട്ടുകുടുംബസ്വത്തു എങ്ങനെ വീതംവെക്കണമെന്നറിയാതെ പരസ്പരം വാളോങ്ങുന്നു. കുരുവംശത്തെ, ഭിന്നിപ്പിച്ച കൊല്ലാൻവിട്ട സത്യവതി വനവാസത്തിനു പോവുന്നു. തിരിച്ചുവരുന്നതേ, ഗംഗയാറൊഴുകുന്ന ഈ നാട്ടിൽ നിങ്ങൾ ഇനി കാലുകുത്തരുതേ!” ഹസ്തിനപുരി സദസ്സിനോട് കത്തിക്കയറുകയായിരുന്ന ആ ദരിദ്ര ബ്രാഹ്മണനെ പിന്നിൽനിന്ന് ചടുല നീക്കത്തിൽ ദുര്യോധനൻ ആഞ്ഞു ചവിട്ടിത്തെറിപ്പിച്ചു.

“ഞങ്ങൾ ഭരിക്കാൻ നിയോഗം നേടിയവർ, രാജ്യത്തിന്റെ അഖണ്ഡതക്കായി, വേണ്ടിവന്നാൽ പോർക്കളത്തിൽ മരിക്കാനും തയ്യാർ. കുരുവംശം ദൈവദത്തമായ ഭരണവംശം എന്ന് വ്യാസൻ നാളെ ഇതിഹാസത്തിൽ പറയുമ്പോൾ, മഹാഭാരതത്തിന്റെ പനയോല കത്തിച്ചു പ്രതിഷേധിക്കാൻ നിന്നെ ഹസ്തിനപുരി കണ്ടുപോവരുത്!”

“പാഞ്ചാലി വിഷദ്രാവകം നിങ്ങളെ കുടിപ്പിക്കാൻ ശ്രമിച്ചു!”, കൊട്ടാരം ലേഖിക ചോദിച്ചു.

“വിഷം എന്നു പറഞ്ഞസ്ഥിതിക്ക് ആ ‘കുറുത്തരാത്രി’ വിട്ടുകളയരുതല്ലോ. ചാരത്തൊഴിലിൽ, ബാല്യംമുതൽ നൈപുണ്യവികസനം നേടിയ നകുലന്റെ കൗശലംനിറഞ്ഞ പ്രതിരോധമുറയില്ലെങ്കിൽ, ദുര്യോധനൻ പാഞ്ചാലിയിലൂടെ നേടിയെടുക്കാൻ തയ്യാറാക്കിയ ‘തുള്ളിമരുന്ന് പ്രയോഗം’ പിടിക്കപ്പെടില്ലായിരുന്നു. അസാധാരണമായ പ്രതികരണനീക്കത്തിലൂടെ അഞ്ചു പേരെയും ഒരുമിച്ചു പായക്കുട്ടാക്കി ഇരുട്ടിന്റെ മറവിൽ, മൃദുവിരലുകൾ കൊണ്ടവരുടെ ചുണ്ടുപിളർത്തി ആദ്യം ചുംബനത്തിലൂടെയും, പിന്നീട് തുള്ളിമരുന്നുപ്രയോഗത്തിലൂടെയും, കൗന്തേയരഞ്ചുപേരെയും കാലപുരിയിലേക്ക് അയക്കാൻ ആയിരുന്ന അവളുടെ ശ്രദ്ധമനസ്സു, ദുര്യോധനനുമായി അവിശ്രദ്ധബന്ധത്തിൽ കൂട്ടുപ്രതിചേർന്ന് ഹീന പദ്ധതിയിട്ടതു,. ദുര്യോധനൻ രഹസ്യ ദൂതൻവഴി അവൾക്കു എത്തിച്ച വിഷദ്രാവകം, നകുലൻ നേരത്തെ കണ്ടെത്തി, ഒഴിച്ചുകളഞ്ഞു. പാത്രം കഴുകി, കാടുതേൻ നിറച്ചുവച്ചു എന്നറിയാതെ, പ്രലോഭിപ്പിക്കാൻ വിവസ്ത്രയായ പാഞ്ചാലി “തുള്ളിമരുന്ന്” ഓരോരുത്തരുടെ നാവിലും ‘പ്രണയപൂർവ്വം’ ഇറ്റിച്ചു. അതോടെതീരും പാണ്ഡവർ എന്ന് കുരുതിയവൾക്കു കേൾക്കേണ്ടി വന്നതു, “കുറച്ചുകൂടി ഒഴിക്കു, നിന്റെ ചുണ്ടുപോലെ തേനിനും എന്തൊരു സ്വാദ്!” എന്ന പാണ്ഡവപ്രതികരണം! ഞെട്ടിത്തെറിച്ച പാഞ്ചാലി രാത്രി വൈകുംവരെ കേൾക്കേണ്ടി വന്ന പാണ്ഡവരുടെ സംഘരതിസീൽക്കാരം! അതോടെ അവസാനിപ്പിച്ചു “ദേവസന്തതികളുടെ പുത്രന്മാരെ” അവസാനിപ്പിക്കാനുള്ള ദുര്യോധന തന്ത്രം. പാവം പാഞ്ചാലി വെറും ഒരു കൗരവചാര, അല്ല, ഇര അല്ലെ!” കളി കഴിഞ്ഞു ജലാശയത്തിൽ നിന്നും ആശ്രമമുറ്റത്തു, ഈറൻ തുണി ഉണക്കാനിടുന്ന പാഞ്ചാലി, ചെവികൂർപ്പിക്കുന്നതു, പാതിതുറന്ന ജാലകത്തിലൂടെ കൊട്ടാരം ലേഖിക ഒരുനോക്കു കണ്ടു നോട്ടം വെട്ടിച്ചു.

“പെണ്ണടൽ ശ്രുചിത്വത്തെക്കുറിച്ചു സ്ഥൂലീകരിച്ച ആശങ്കയാണല്ലോ. പൗരാവകാശനിഷേധവും അടിമപ്പണിയും നേരിട്ടിട്ടും പീഡകകൗരവരെക്കുറിച്ചു ഒരുവാക്കു നിങ്ങൾ രോഷം കാണിക്കുന്നതു കണ്ടില്ലെന്നാണ്, മനുഷ്യാവകാശപ്രവർത്തകനായ ചാർവാകൻ ഖേദിച്ചതു. അരാഷ്ട്രീയജീവിയായോ, ഒരിക്കൽ മുനവച്ച പ്രതികരിക്കുന്ന സ്ത്രീവാദിയായിരുന്ന ദ്രൗപദി?”, കൊട്ടാരം ലേഖിക ചോദിച്ചു. മലഞ്ചെരുവിലെ ജലാശയത്തിൽ പാഞ്ചാലി. മലർന്നുകിടന്ന് നീന്തുന്നുണ്ടായിരുന്ന ആകാശ ചാരികളെന്നു പാണ്ഡവരാൽ അധിക്ഷേപിക്കപ്പെടുന്ന വിദ്യാധരന്മാരും ഗന്ധർവന്മാരും.

“നിങ്ങളും ഒരു സ്ത്രീയല്ലേ. വയറു വേദനയോ കാൽകഴപ്പോ മറ്റു ശാരീരികദുരിതങ്ങളോ ഒന്നുമല്ലല്ലോ ആഗതരുമായി സംസാരിക്കുക, ഒരു മുഴം വൃത്തിയുള്ള പരുത്തിത്തുണി കിട്ടിയിരുന്നെങ്കിൽ എന്ന അടിമസ്ത്രീയുടെ അടിസ്ഥാന ആവശ്യമാണ്. പാണ്ഡവർ ‘ലജ്ജാകരം’ എന്ന് തള്ളി, ചാർവാകൻ ദുശ്ശളയെ അറിയിച്ചപ്പോൾ, കിട്ടി കൗരവരിൽ നിന്നും സമ്മാനപ്പെട്ടി നിറയെ പരുത്തിത്തുണിയും ശരീരശ്രദ്ധിക്കു ഔഷധങ്ങളും. ഇപ്പോൾ ഞാൻ സംസാരിക്കുക ആർത്തവത്തെക്കുറിച്ചല്ല ബഹുഭർതൃത്വ ദാമ്പത്യത്തിലെ പരിഹാരമില്ലാത്ത പരസ്പര ശത്രുതയെക്കുറിച്ച മാത്രം. അടുത്തചോദ്യം ചോദിക്കു എന്നിട്ടുവേണം വിദ്യാധരന്മാരുമായി നീന്തി മത്സരിക്കാൻ.”

“ചൂതാട്ടത്തിൽ ‘നൈപുണ്യ വികസനം’ നേടിയ യുധിഷ്ഠിരനു, പക്ഷേ, വേണ്ടിവന്നാൽ ഹസ്തിനപുരികോട്ട കീഴടക്കാൻ, ആയുധമികവ് നേടാനായോ? അതോ, വനവാസത്തിനുശേഷം ‘നയതന്ത്രപ്രതിഭ’കളെ മുന്നിൽവച്ച ഒരിക്കൽകൂടി ചൂതാടി നഷ്ടസൗഭാഗ്യങ്ങൾ തിരിച്ചു പിടിക്കാമെന്നാണോ മോഹം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രഖ്യാപിത പാണ്ഡവലക്ഷ്യങ്ങളിൽ നിന്നും എപ്പോഴൊക്കെ യുധിഷ്ഠിരൻ ഉദാസീനതയിലേക്കു കൂപ്പു കുത്തുന്നുവോ അപ്പോഴൊക്കെ പാഞ്ചാലി വേണം ശിക്ഷാനടപടിയിലൂടെ സായുധ കർമ്മത്തിലേക്കു, ആ മുതിർന്ന ‘കൗരവഅടിമ’യെ തിരിച്ചുകൊണ്ടുവരാൻ. രാവിലെ അവൾ ഒരു വാൾ ഏൽപ്പിക്കും, യുധിഷ്ഠിരൻ വാൾവിറപ്പിച്ച കൊട്ടംകാട്ടിലേക്കു കൂട്ടാളിയില്ലാതെ ‘പരിശീലന’ത്തിനുപോവും, വഴിയിൽ കണ്ടുമുട്ടുന്ന ദുർബലഇരയെ പരീക്ഷണാടിസ്ഥാനത്തിൽ, ശത്രുകൗരവരെന്നു മനസ്സാ സങ്കൽപ്പിച്ചു, കയ്യും കാലും വെട്ടി പരിക്കേൽപ്പിച്ചു മാരകായുധവിദ്യയിൽ മുന്തിയപദവിയിലേക്കുയരും. ചില സസ്യാഹാരിമൃഗങ്ങളെ തല വെട്ടി അത്താഴത്തിനെന്നും പറഞ്ഞു പാഞ്ചാലിയുടെ മുമ്പിലേക്കെറിയും. അത് ഭക്ഷ്യയോഗ്യമാക്കേണ്ട പാചകമികവ് അവൾ കാണിച്ചില്ലെങ്കിൽ, ആശ്രമം ആൺപെൺ ദ്വന്ദയുദ്ധത്തിനു പരസ്യവേദിയാകും.”

◇ 2025/01/23 ◇

“അല്ല സുഹൃത്തേ, ഈ വിരലല്ലേ ഗുരുദക്ഷിണയായി നിങ്ങൾ മുറിച്ചുകൊടുത്തു എന്ന് നാടാകെ ഈയിടെ പാട്ടായതു? കണ്ടാൽ അങ്ങനെ മുറിച്ചുനീക്കിയ പോലെയും, മുറിച്ചെടുത്തഭാഗം തുന്നിക്കൂട്ടിയപോലെയുമൊന്നും തോന്നുന്നില്ലല്ലോ”, നിഷാദരാജകുടുംബത്തിലെ പുതിയ അവകാശിയായ വിദ്യാർത്ഥിയുടെ വലതുകൈ തള്ളവിരൽ തൊട്ടു, സംശയത്തിൽ കൊട്ടാരം ലേഖിക മുഖത്തു് നോക്കി.

“പരിപൂർണ്ണ സസ്യഭോജിയായ ബ്രാഹ്മണഗുരുവിനു വേണ്ടതു് വിദൂരവിദ്യാർഥിയുടെ തള്ളവിരലൊന്നുമായിരുന്നില്ല, സ്വർണനാണയമായിരുന്നു, അതു് ഞാൻ രാജമന്ദിരത്തിലെ രഹസ്യ രത്നശേഖരത്തിൽ നിന്ന് പൊക്കി നീട്ടിയപ്പോൾ, ദക്ഷിണ തൃപ്തിയായി എന്ന് ഗുരുപുഞ്ചിരി വ്യക്തമാക്കി. മുറിച്ചുനീക്കിയ തള്ള വിരൽ തിരിച്ചുവച്ച് കൈപഴയ പോലെ പോരാട്ടക്ഷമമായി എന്ന് നാളെ ‘ഹസ്തിനപുരി പത്രിക’ വാർത്ത കണ്ടാൽ പരിഭ്രമിക്കരുതു്. ‘മനുഷ്യാവയവങ്ങളിലെ കൊള്ളകൊടുക്ക’ ഒരു പുത്തൻ ശാരീരികപരീക്ഷണമായി വരും യുഗത്തിൽ മാറും എന്നാണു ഭാവി പ്രവചിക്കാൻ അമാനുഷ ശേഷിയുള്ള സഹദേവൻ പറഞ്ഞതു്!”

“കുന്തിയുടെ അഞ്ചു മക്കൾക്ക് തൊഴിൽചെയ്തു ജീവിക്കാൻ പിതൃഭൂമിയായ ഹസ്തിനപുരിയിൽ അവസരമില്ലാതെ, നഗ്നപാദരായി നാടുവിട്ടു പാണ്ഡവപ്രസ്ഥം എന്ന കൊടുംകാട്ടിൽ പോകേണ്ടി വന്നല്ലോ. ഒരാളല്ല, അഞ്ചുപേരും. നിവൃത്തിയില്ലാതെ പടിയിറങ്ങുമ്പോൾ, “അരുതു, കുട്ടികളെ, നിങ്ങൾക്കു് അന്നന്നത്തെ അപ്പം, തൊഴിൽചെയ്തു ഇവിടെ തന്നെ ഉണ്ടാക്കാമല്ലോ, ഇതു് കാടല്ല ഗാംഗായമുനാ ഹരിതഭൂമി” എന്ന് ആശ്വസിപ്പിക്കേണ്ട കുരുവംശകാരണവന്മാർ എവിടെ ആയിരുന്നു?”, കൊട്ടാരം ലേഖിക പൊതുസമൂഹത്തിന്റെ ആക്ഷേപം ദുര്യോധനനുമുമ്പിൽ അവതരിപ്പിച്ചു.

“പാണ്ഡവരുടെ കുടിയേറ്റം ഹസ്തിനപുരി ഭരണവീഴ്ചയാണോ? അവർ പോയതു് കാലത്തിന്റെ മാറ്റമല്ലേ? പ്രിയ പാഞ്ചാലിയെ ആരെങ്കിലും തട്ടിക്കൊണ്ടുപോയോ? അതോ അരമനയുടെ ആഡംബര അതിഥിമന്ദിരത്തിൽ അവർക്കു അന്തിയുറങ്ങുവാൻ ഇടം ഞങ്ങൾ കൊടുത്തുവോ? പുത്തൻപുൽമേടു തേടിയവരുടെ കുടിയേറ്റം വരും കാല മാറ്റമല്ലേ സൂചിപ്പിക്കുന്നതു്? കന്നു പൂട്ടിയും വിത്തുവിതച്ചും കൃഷി ചെയ്തു് ധാന്യം വിളയിച്ചു് ജീവിതപ്പാത മുന്നോട്ടു് വലിക്കുന്ന ഗ്രാമഗ്രാമാന്തരങ്ങളിലെ ജനസാമാന്യം എവിടെ, സ്വന്തമായ സാമ്രാജ്യം സ്ഥാപിക്കാൻ അതിലോല ആവാസവ്യവസ്ഥയായ ഖാണ്ഡവ വനം തീയിടാൻ പോലും മടിക്കാത്ത പ്രകൃതിവിരുദ്ധ പാണ്ഡവർ എവിടെ?” കാൽനടക്കാർക്ക് വഴിയോര തണൽ നിർമ്മിതിക്കായി കൗരവരും ഭാര്യമാരും വൃക്ഷച്ചെടികൾ നടുന്ന സമർപ്പിതദിനം.

“എന്തിനാണ് നിങ്ങൾ കൗരവ വിധവകളുടെ പുനരധിവാസകേന്ദ്രത്തിൽ ചെന്നു പുതുതലമുറ കൗരവരാജകുമാരികളെ അസഭ്യം പറയുന്നതു്?” കൊട്ടാരം ലേഖിക, ഭീമന്റെ അംഗരക്ഷകനോടു് ചോദിച്ചു. പാണ്ഡവരുടെ ഭരണകാലം.

“ഇന്ന് ദേശസ്നേഹ ആഘോഷ ദിവസമാണ് കൗരവരാജകുമാരികൾ കൂട്ടം കൂട്ടമായി സ്നേഹം പ്രഖ്യാപിക്കാൻ വരണം എന്ന് ഭീമൻ ചെയ്ത ആഹ്വാനം ചെവികൊള്ളാതെ അവർ പരിസരം ശുചിയാക്കുന്ന തിരക്കിൽ ആണെന്ന് ഒഴിഞ്ഞു മാറി. ഭീമന്റെ നിരാശ ഞാൻ കുട്ടികളെ അറിയിക്കുമ്പോൾ, പെരുമാറ്റത്തിൽ നിങ്ങൾ കണ്ട പിശക് സ്വാഭാവികം അല്ലെ?”

◇ 2025/01/24 ◇

“പരിഷ്കൃതസമൂഹത്തിന്റെ കരൾപിളർക്കുന്ന ചില പരുഷപദങ്ങൾ ഓർക്കുന്നു; ചുട്ട കൗരവച്ചോര പുരണ്ട കൈകൾകൊണ്ടല്ലാതെ അഴിഞ്ഞുവീണ ഈ മുടികെട്ടുകയില്ല ഇത് സത്യം: അഴിഞ്ഞുകിടന്ന മുടിയിൽ തന്നെയാണോ, ഹസ്തിനപുരിയിൽനിന്നും ദുര്യോധനൻ പാരിതോഷികമായി കൊടുത്തയച്ച സുഗന്ധതൈലം തേച്ചു മുടിയു ഉടലും നിങ്ങൾ പരിലാളിക്കുന്നത്?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനവാസക്കാലം.

“ഇലച്ചാറ് തേച്ചു ഒഴുക്കുനീരിൽ കഴുകി നിവർത്തിയിടുന്ന മുടി അതിന്റ പ്രതികാരപ്രതിജ്ഞ പാലിക്കട്ടെ, കാമനയുടെ മുമ്പിൽ മുട്ടുകുത്തുന്ന അഞ്ചു ഭർത്താക്കന്മാർക്ക് രതിസേവനം നൽകേണ്ട പാഞ്ചാലിയുടെ ഉടൽ ആ പരിപാവന കർത്തവ്യവും പാലിക്കട്ടെ!”

“പിന്നാമ്പുറത്തെന്തോ ശ്രമം ഉണ്ടല്ലോ പ്രതിയെ രക്ഷിക്കാൻ?”, കൊട്ടാരം ലേഖിക ചോദിച്ചു. ആറംഗ പാണ്ഡവ സംഘത്തിന്റെ ഇന്ദ്രപ്രസ്ഥമുദ്രയുള്ള രാജവസ്ത്രങ്ങൾ ഒന്നൊന്നായി ഊരി വനവാസയോഗ്യമായ മരവുരി ധരിപ്പിക്കുന്ന ആയാസകരമായ നേരം.

“വസ്ത്രാക്ഷേപ പരാതി പിൻവലിച്ചാൽ, അതിജീവിതക്കു ഹസ്തിനപുരി അരമനയിൽ അവളുടെ വ്യക്തിഗത കഴിവനുസരിച്ചു അന്തഃപുരതൊഴിൽ കൊടുത്തു പുനരധിവസിപ്പിക്കുന്നതോടെ, വനവാസ, നിത്യജീവിത ദുരിതത്തിൽ നിന്നും രക്ഷിക്കാമോ എന്ന സ്ത്രീസൗഹൃദനിർദേശം നീതിപീഠത്തിൽ കിട്ടി. പിന്നാമ്പുറച്ചുവയുള്ള ഔദ്യോഗിക രഹസ്യമൊന്നുമല്ല, നടപടിക്രമം അനുസരിച്ചു നീതിപതി, പരസഹായമില്ലാതെ തീർപ്പാക്കേണ്ട ഒരു അപേക്ഷ മാത്രം. അതിൽ കിരീടാവകാശിയും, പ്രതിപ്പട്ടികയിൽ ഇടം നേടിയ ആരോപിതരിൽ ഒരാളുമായ ദുര്യോധനൻ എന്ന ഞാൻ, ഇടപെടുന്നതു ശരിയല്ലല്ലോ. ആരാണ് നിർദേശം മുന്നോട്ട് വച്ചതെന്ന് വെളിപ്പെടുത്താൻ ആവില്ല. പേരു വിവരങ്ങൾ ഒഴിവാക്കി അതിജീവിതയുടെ സ്വകാര്യത, നീതിപീഠം മാനിക്കും എന്നാണ് അനുമാനം. ഏതു വിധത്തിലും നാളെ രാവിലെയോടെ ഒത്തുതീർപ്പുശ്രമം പ്രായോഗിക വഴിക്കു വരുന്നില്ലെങ്കിൽ, അതിജീവിത, ആറാം കൗരവഅടിമയെന്ന തൽസ്ഥിതി തുടരും. സഹനമായിരിക്കും വ്യാഴവട്ടക്കാല, ഓരോ ദിനവും എന്നു ഞാൻ പറയാതെ നിങ്ങൾക്കുഹിക്കാം”, പാണ്ഡവരോടായിരുന്ന ഭരണകൂടവക്താവായ ദുര്യോധനന്റെ ‘ചെരിഞ്ഞ’ നോട്ടവും പുഞ്ചിരിയും.

◇ 2025/01/25 ◇

“പാഞ്ചാലി കഴഞ്ഞുവീണ് വഴിയോരത്ത് മരിച്ചപ്പോൾ ശവസംസ്കാരത്തിനൊന്നും മെനക്കെടാതെ നിങ്ങൾ വലിഞ്ഞുനടക്കുന്നത് കണ്ടു. കൂടെപൊറുത്തവളോട് ഇത്ര വലിയ മര്യാദകേടു കാണിക്കാൻ മാത്രം എന്തുതെറ്റവൾ നിങ്ങളോടു ചെയ്തു?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. തെരുവിൽ ഒപ്പം കൂടിയ നായക്കുട്ടിയുമായി മുൻ രാജാവ് സ്വർഗ്ഗരാജ്യത്തിൽനിന്നുള്ള രഥം പ്രതീക്ഷിക്കുന്ന സന്ധ്യ, മഹാപ്രസ്ഥാനം.

“തെറ്റുചെയ്തത് അവൾ എന്നൊന്നും ഞാൻ പറഞ്ഞില്ലല്ലോ. ഭർത്താവിന്റെ മൃത്യുജ്യേഷ്ഠനെ ബഹുഭർത്തൃത്വത്തിൽ, അഞ്ചിലൊരു പങ്കാളിയായി ഉൾപ്പെടുത്തേണ്ടിയിരുന്നില്ല എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ധർമ്മപുത്രർ എന്ന എന്റെ വിശ്രുതപ്രതിച്ഛായക്ക് കോട്ടം തട്ടുന്ന ഒരു പെൺചതിയിലും ഇരയാവരുത് എന്ന് ജൈവിക പിതാവ് കാലൻ തന്ന സദുദ്ദേശ്യ മുന്നറിയിപ്പ്, അവളുടെ ശരീരസൗന്ദര്യത്തിൽ മയങ്ങി അവഗണിച്ചതായിരുന്നു ഞാൻ ചെയ്ത തെറ്റ്, എന്നാൽ ഇനി യാത്രയില്ല!” ‘ന്യൂലിയിഴ’യിൽ മലമുകളിലേക്ക് ഇറങ്ങിവന്ന സ്വർണ്ണത്തേരിൽ കയറുമ്പോൾ യുധിഷ്ഠിരൻ കൈവീശി, കൂടെ കൂടിയ പട്ടിക്കുട്ടി ധ്വനി കൂട്ടി.

“എങ്ങനെ പ്രലോഭനമന്ത്രങ്ങൾ നേരത്തെ കൈവശപ്പെടുത്തി എന്ന് പാണ്ഡു ചോദിച്ചപ്പോൾ സത്യം പറയാതെ എങ്ങനെ രക്ഷപ്പെട്ടു?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ച ജീവിത സായാഹ്നം കുന്തി കാട്ടിൽ കഴിയുന്ന അന്ത്യദിനങ്ങൾ.

“ദുർവാസാവ് വിശ്രമത്തിന് അരമനയിൽ വന്നപ്പോൾ എല്ലാവരും ഭയന്നു. ഞാൻ വളർത്തച്ഛന് ധൈര്യം കൊടുത്തു മാമുനിയെ ഏറ്റെടുത്തു. കുറുമ്പനാണ് പക്ഷേ, ഞാൻ പരിപാലനവും പരിലാളനയും ഒറ്റക്ക് ചെയ്ത മുനിയെ കയ്യിലെടുത്തു. നഷ്ടപ്പെട്ട എന്നു കരുതിയ കാമന നീ കാമനീയമായി എനിക്ക് തന്നു, ഇനി നിനക്ക് ഞാൻ ദിവ്യമന്ത്രങ്ങൾ തരാം, ഭർത്താവിനെ മടുക്കുമ്പോൾ ഒറ്റക്കൊരു മുറിയിൽ കിടന്ന് പരീക്ഷിക്കാൻ. അങ്ങനെ കിട്ടിയ മന്ത്രങ്ങളിൽ ഒന്നായിരുന്നു വിവാഹപൂർവ്വ കൗമാരത്തിൽ എനിക്ക് കൗതുകമായത്. ഭോഗപർവ്വം കഴിഞ്ഞപ്പോൾ അനാവശ്യഗർഭം എന്നിൽ അടിച്ചേൽപ്പിച്ച ബീജദാനി അവന്റെ പാട്ടിന് പോയി. പെറ്റ കുഞ്ഞിനെ പുഴയിൽ ഒഴുക്കിയപ്പോൾ എന്റെ പ്രയാസം തീർന്നു, പക്ഷേ, കർണ്ണന്റെ ഉള്ളിൽ എരിഞ്ഞ നേരിപ്പോട് ചിതയിൽ എരിഞ്ഞടങ്ങും വരെ അവൻ സഹിച്ച പെറ്റതള്ളയുടെ വ്യഥ വാർദ്ധക്യത്തിലും കുന്തിയെ വലച്ചു.”

“ദുര്യോധനനും കിട്ടിയല്ലോ ദേശരത്ന പുരസ്കാരം!”, പുനരധിവാസ കേന്ദ്രത്തിൽ അപ്പം ചുടുന്ന ദുര്യോധനവിധവക്കു ഉപചാരമർപ്പിച്ചു കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവ ഭരണകാലം.

“ഹസ്തിനപുരിയുടെ അഖണ്ഡത പരിപാലിക്കാനായി ഞാൻ യുദ്ധത്തിൽ പങ്കാളിയാവും, മടങ്ങിവന്നില്ലെങ്കിൽ വീരമൃത്യു വരിച്ചു എന്ന് നീ കരുതിയാൽ മതി, മരണാനന്തര ചടങ്ങുകൾ ബഹിഷ്കരിക്കുക, ഞാനൊരു തികഞ്ഞ ഭൗതികവാദി എന്ന് അന്ത്യമൊഴി പറഞ്ഞു പടിയിറങ്ങിയ ആ ധീരോദാത്തൻ പോരാട്ടത്തിൽ കൊല്ലപ്പെട്ടെന്ന് വാർത്ത പരന്നപ്പോൾ ഭൗതികാവശിഷ്ടം കാണാൻ ഞാൻ എന്തുകൊണ്ട് പോയില്ല? കൊല്ലപ്പെട്ടുകഴിഞ്ഞാൽ പോരാളി യുദ്ധനിർവ്വഹണസമിതിയുടെ മാലിന്യം മാത്രമാവും എന്നവർ എന്നോട് പറയുമായിരുന്നു. എന്നാൽ കുരുവംശത്തിലെ എല്ലാ കഴുവേറികൾക്കും കൊടുത്ത ദേശരത്ന പുരസ്കാരങ്ങൾ കൊണ്ടാണ് പാണ്ഡവർ എന്റെ പരേതപങ്കാളിയെ മുൻ ഭാരതരത്നക്കാരുമായി സമീകരിക്കുന്നതു എന്നോർക്കുമ്പോൾ ഹൃദയം വേദനിക്കുന്നു അരുതേ യുധിഷ്ഠിരാ കൊല്ലപ്പെട്ടത് നീയായിരുന്നെങ്കിൽ ദുര്യോധനൻ നിന്നെ ഈ വിധം സമീകരിക്കയില്ലായിരുന്നു, ജീവനോടെ പിടികൂടി മരക്കൂട്ടിൽ കുന്തിച്ചിരുത്തി നാടുചുറ്റിക്കുമായിരുന്നു” തീക്കനലിൽ അപ്പം കരിഞ്ഞു പോവുന്നതറിയാതെ കദനഭാരത്താൽ ആ കലിംഗവനിത മുഖം കുനിച്ചു തേങ്ങി. പുരസ്കാരം സ്വീകരിക്കാൻ ദുര്യോധനവിധവയെ കൊട്ടാരത്തിലേക്കു രഥം കാത്തുനിന്നു.”

◇ 2025/01/27 ◇

“പാണ്ഡവരും കുന്തിയും വെന്തുമരിച്ച എന്നുകേട്ട ഞങ്ങൾ അവിടെ പോയപ്പോൾ അറിഞ്ഞു മരിച്ചതു കൗന്തേയരല്ല ആദിവാസി കുടുംബമായിരുന്നു. അന്നം ചോദിച്ചു വന്നവർക്കു ലഹരി കൊടുത്തു മയക്കി തീയിട്ട, എന്തിനു അന്തേവാസികൾ അർധരാത്രി ഒളിച്ചോടണം? ശന്തനുവിന്റെ കാലത്തു പുതുമണവാട്ടി ഗംഗക്ക് താമസിക്കാൻ ഒരുക്കിക്കൊടുത്ത സുഖവാസമന്ദിരത്തിൽ കുന്തിയും പാണ്ഡുവും മധുവിധു ആഘോഷിച്ച എന്നും പറഞ്ഞു കേൾക്കുന്നുണ്ട്. ദുരുഹത നീക്കിയോ ഭരണകൂടം?” വാരണാവതം അന്വേഷിക്കാൻ ഉദ്യോഗസ്ഥരുമൊത്തു വന്ന ദുര്യോധനനോട് കൊട്ടാര ലേഖിക ചോദിച്ചു.

“ഞാൻ കുറ്റപ്പെടുത്തുക എന്റെ പിതാവിനെ. അനുജന്റെ ഭാര്യ കുന്തി വേനൽക്കാലം സുഖമായി കഴിയട്ടെ എന്ന് കരുതി അനുകമ്പയോടെ വിട്ടുകൊടുത്ത അതിഥിമന്ദിരം ‘അരക്കില്ല’മെന്ന കുന്തി പ്രചരിപ്പിച്ചു. അന്നം തേടി വന്ന ആദിവാസി കുടുംബത്തെ ഇരകളാക്കി കൊട്ടാരം തീയിട്ടു കുന്തിമക്കൾ ഭൂഗർഭ ഇടനാഴിയിലൂടെ പാതിരാവിൽ ഒളിച്ചുകടന്നു. ഹസ്തിനപുരിയിൽ തിരിച്ചെത്തിയാൽ പിടികിട്ടാപ്പുള്ളി ആയി പ്രഖ്യാപിക്കും. കുരുവംശത്തെ സ്ഥാനഭ്രഷ്ടരാക്കി പാണ്ഡുവംശം സ്ഥാപിക്കാൻ ഞങ്ങളുടെ മലയോര എതിരാളികളുമായി അവർ ഗൂഢാലോചന ചെയ്തു. കുന്തിയുടെ നന്ദികേടിന്റെ തുടർകഥയാണ് വാരണാവതം. വിടില്ല കുറ്റവാളികളെ, നിയമത്തിന്റെ മുമ്പിൽ അരയിൽ കരുക്കിട്ടു കൊണ്ടുവരും ഇതെന്റെ വാക്ക്! ഉപ്പും അന്നവും തരുന്ന ഹസ്തിനപുരിയോട്!”

“പൂവണിയാത്ത സ്വപ്നം വല്ലതുമുണ്ടോ, മരണത്തെ മുഖാമുഖം കാണുമ്പോൾ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. മുന്നോട്ട് യാത്ര തുടരാൻ യുധിഷ്ഠിരൻ തിരക്ക് കൂട്ടുന്ന നേരം.

“അധോലോക സംഘങ്ങളുമായി കൂട്ടുചേർന്ന് ഖണ്ഡവവനം കത്തിക്കാൻ തീക്കൊള്ളി ഒരുക്കുന്ന പണിയാണ് എനിക്ക് ധർമ്മപുത്രർ തന്നത്. പരിസ്ഥിതിനാശം എന്ന പാപകർമ്മത്തിന് പരിഹാരമായി നിത്യവും പത്തു ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ പാഞ്ചാലി ആവശ്യപ്പെട്ടപ്പോൾ, അവൾക്ക് പ്രിയം സൗഗന്ധിക പൂക്കൾ എന്ന ധാരണയിൽ നാടൊട്ടുക്ക് അലയാനായിരുന്ന എനിക്ക് വിധി”.

◇ 2025/01/28 ◇

“നമുക്കു പിരിയാം എന്ന് അഭിവാദ്യങ്ങൾ നേർന്നാണവർ ആലിംഗനം ചെയ്തു മുന്നോട്ട് പോയതെങ്കിൽ ഞാൻ വേദനിക്കുമായിരുന്നു. എന്നാൽ, ഭാഗ്യം, അവരെയിനി കാണാൻ അവസരം ഉണ്ടാവാതെ പോട്ടെ എന്നാണ് മനസ്സിൽ ദുർദേവത ഉടുക്കു കൊട്ടുന്നത്!”, കൊട്ടാരം ലേഖികയോട്. അന്ത്യനിമിഷങ്ങളിൽ പാഞ്ചാലി.

“കൗരവർക്കും ബാധിച്ചുവോ അർജ്ജുനന്റെ വിഷാദം?” കൊട്ടാരം ലേഖിക ചോദിച്ചു. കുരുക്ഷേത്ര ആദ്യ ദിനം.

“ആളൊരുങ്ങി അരങ്ങൊരുങ്ങി എന്ന യുദ്ധകാഹളം മുഴക്കി, തേച്ചുമിനുക്കിയ ആയുധങ്ങളുമായി ഞങ്ങൾ വന്നു നോക്കുമ്പോൾ കാണുന്നു, ഒരു വിഷാദ രോഗിക്ക് രഥത്തിൽ ഇരുന്നു കൊണ്ടൊരു വാചികചികിത്സ. വൈകുന്നേരം ആവും ചികിത്സ ഫലിക്കാൻ. അതുവരെ ഞങ്ങൾ സൈനികവേഷവുമായി സായുധ കൗരവസൈന്യം നിലയുറപ്പിക്കണം. വിഷാദമല്ല എങ്കിൽ പിന്നെ എന്ത് വിളിച്ചാണ് ഞങ്ങളുടെ പ്രയാസം നിങ്ങൾ പങ്കിടുക?”

◇ 2025/01/31 ◇

“ഖാണ്ഡവ വനം കത്തിയമരാൻ മാത്രം എന്ത സംഭവിച്ചു?”, കൊട്ടാരം ലേഖിക ചാർവാകനോടു ചോദിച്ചു.

“മരങ്ങൾ മഴുവിനെ ശ്രദ്ധമായി പ്രേമിക്കുന്നുണ്ട് എന്നു നമുക്കറിയാം, ഏന്നാൽ, മൊത്തം ഈ വനം അഗ്നിയുടെ ആരാധകർ കൂടി ആയിരുന്നു എന്നിപ്പോൾ തിരുത്തുക. മറിച്ചെന്തെങ്കിലും നാം, വൃക്ഷസ്നേഹികൾ, വേദനയോടെ പറഞ്ഞാൽ, ഈയിടെ ഭരണം പിടിച്ചെടുത്ത പാണ്ഡവർ ക്ഷോഭിക്കും.”

“നാലഞ്ചു ആണുങ്ങൾ ഇടവിടാതെ ആക്ഷേപിച്ചിട്ടും ഇരവാദം ഉന്നയിക്കാത്ത നിങ്ങളുടെ സഹനത്തോട് ഇപ്പോൾ നിന്ദപോലും തോന്നുന്നു”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് സഹതപിച്ചു, വനവാസക്കാല പാണ്ഡവ ദുരിതപർവ്വം.

“സ്ത്രീ, അവൾ തിരിച്ചടിക്കാൻ അവസരം കാത്തിരിക്കും, ഒളി പോരാളിയെ പോലെ!”

“മാരകാവശ്യത്തിലും കവിഞ്ഞ ലോഹഭാരം തോന്നാറുണ്ടോ?”, ഗദ ചൂണ്ടിക്കാട്ടി കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“അപ്പോളൊക്കെ ഞാൻ ആയുധം താഴെവച്ച് വലതുകൈ ഇതാ ഇങ്ങനെ, പതുക്കെ ഉയർത്തി, ഇടനെഞ്ചിൽ ചേർത്ത് വക്കും, പിന്നെ കൈപ്പത്തി മുഖത്തും നെറ്റിയിലും പതുക്കെ ഒന്നു തടവും, അഭ്യാസിയുടെ അതിരുക്ഷചലനങ്ങൾ സാധ്യമാക്കുന്ന, വലതുകൈ അസ്ഥിയെ നമിക്കും. ഗദയെടുക്കും, അതിന്റെ മാരക പ്രഹരശേഷിക്ക് പറ്റിയ ഇരയെ സ്വയം കണ്ടെത്തട്ടെ എന്നുഞാൻ ഉള്ളഴിഞ്ഞു ആശംസിക്കും. നാരായം കൊണ്ട് ഓലയിൽ അതിസൂക്ഷ്മ വികാരങ്ങൾ ആവിഷ്കരിക്കുന്ന പോലൊരു മായിക പ്രതിഭാസം ആയുധ പ്രയോഗത്തിലും അനുഭവവേദ്യമാകും” യുദ്ധാനന്തര ഹസ്തിനപുരിയിൽ ആയോധനവിദ്യാ ഗുരുകുലത്തിൽ, ക്ഷണിക്കപ്പെട്ട പരിശീലകനായി വന്ന ഭീമൻ, ഇപ്പോൾ തീർത്തും ഉപയോഗരഹിതമായ ഗദനോക്കി ഇടയ്ക്കിടെ വിതുമ്പി. യുദ്ധഭീഷണി ഇല്ലാത്തവിധം അയൽ രാജ്യങ്ങൾ അധോഗതി പ്രാപിച്ചപ്പോൾ ജേതാക്കൾക്ക് നിത്യവും നേരിടാനുള്ളത് യുദ്ധക്കെടുതി!

# കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

## പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

### കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

### നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014